# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.17 | No.5 | കാർത്തികപ്പള്ളി | R.No. 7361/02 | 2017 MAY

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


നിത്യത–സ്വർഗ്ഗം ലക്ഷ്യംവച്ച് പരിശ്രമിക്കുവാൻ വിശ്വാസികളെ പ്രാദേശിക സഭകൾ പരിശീലിപ്പിക്കുന്നില്ലെങ്കിൽ ക്രിസ്ത്യാനിത്വം പരാജയവും പരിഹാസ്യവുമായിത്തീരും

## സോളാർ ഹൈവേ

ടാറിട്ട റോഡിലൂടെ യാത്ര ചെയ്ത് എല്ലാവരും മടുത്തിരിക്കുന്നു. വ്യത്യസ്തമായ സാഹചര്യങ്ങളിലൂടെ യാത്ര ചെയ്യുവാൻ ആരാണ് ആഗ്രഹിക്കാത്തത്.



എന്നാൽ ഫ്രാൻസിലേക്കു വിട്ടോളൂ... അവിടെ നിങ്ങളെ കാത്തിരിക്കുന്നത് സോളാർ ഹൈവേകളാണ്.


ഊർജ സ്രോതസുകളുടെ കലവറകൾ വറ്റിത്തുടങ്ങുകയാണ്. അക്കാരണത്താൽ തന്നെയാണ് അവിടത്തെ ഗവൺമെന്റും ഇത്തരത്തിൽ ചിന്തിക്കുവാൻ കാരണം. ഹൈവേയിൽ 3,00,000 ചതുരശ്ര അടി വിസ്തീർണത്തിലാണ് സോളാർ പാനലുകൾ സ്ഥാപിച്ചിരിക്കുന്നത്.

ഇങ്ങനെ ലഭിക്കുന്ന വൈദ്യുതി ഉപയോഗിച്ച് ഒരു പട്ടണത്തിലെ, വഴിവിളക്കുകൾ കത്തിക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. പുതിയ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കാൻ കഴിയാതെ വന്നതോടെയാണ് ഇത്തരത്തിൽ ചിന്തിക്കുവാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചത്.

## തടാകപള്ളിയിലെ കല്ല്യാണം

പ്രതിശ്രുത വധുവിനെയും പൊക്കി കഠിനമായ 99 പടികൾ ചവിട്ടി മലമുകളിലെ പള്ളിയിലേക്കു കിതച്ചും വിയർത്തും നീങ്ങുന്ന യുവാക്കൾ. കാണുന്നവർക്കുപോലും ശ്വാസംമുട്ടും. ഈ വെള്ളരിക്കാപ്പട്ടണം കുറേ പടിഞ്ഞാറാണ്. ആൽപ്സ് പർവതനിരകൾ തെക്കോട്ട് ചെരിഞ്ഞിറങ്ങുന്ന സ്ലൊവീനിയയിലെ ബ്ലെഡ് നഗരം.

ഏതൊരു സ്ലൊവീനിയൻ പെൺകുട്ടിയുടേയും മോഹമാണ് തടാകപള്ളിയിൽ കല്യാണം. എന്നാൽ അത്ര എളുപ്പമല്ല. മറ്റെല്ലാംകൊണ്ടും വരൻ യോഗ്യനായി വന്നാൽ മാത്രം പോരാ. നല്ല ആരോഗ്യം ഉണ്ടായിട്ടും കാര്യമില്ല, സ്പോർട്സ് ഭാഷയിൽ പറഞ്ഞാൽ, ഭാരദ്വഹനശേഷി



കൂടിയേ തീരൂ. കല്യാണപ്പെണ്ണിനോ. സമയമാകുമ്പോൾ അച്ഛനമ്മമാരോടൊപ്പം ചുമ്മാ അങ്ങു നടന്നു പള്ളിയിലേക്കു കയറാൻ പറ്റില്ല. വരനോടൊപ്പം വേണം പെണ്ണുവരാൻ. പെണ്ണു വരുന്നതോ. അതല്ലെ രസം. വരൻ, വധുവിനെ ഇരുകൈയിലും എടുത്ത്, തളരാതെ, വീഴാതെ, ഏറെനേരം ഇടയ്ക്കു നിൽക്കാതെ, ഈ കീഴ്ക്കാംതൂക്കായ പടി 99-ഉം ചവിട്ടിക്കയറി മുകളിലെത്തിയിട്ടേ പള്ളിക്കകത്തു കയറാൻ കഴിയൂ. ഇതിനിടയിൽ ഇവർ തമ്മിൽ കളിതമാശ പാടില്ല. 99 പടിയും ചവിട്ടി മുകളിലെത്തുംവരെ പെൺകുട്ടി മിണ്ടിപ്പോകരുത്. സംസാരിച്ചാൽ അത് അശുഭശകുനമാണ്. കൈകഴച്ച് ഇടയ്ക്കു പെൺകുട്ടിയെ താഴെയിറക്കിയാൽ സംഗതി ക്ലോസ്. പിന്നെ കല്ല്യാണമില്ല.

കൈയിൽ ഒന്നുമില്ലാതെ, പ്രാണൻ മാത്രം മുറുകെപ്പിടിച്ച്, ഈ 99 പടിയും കയറി മുകളിലെത്താൻ നല്ല ആരോഗ്യമുള്ള യുവാക്കൾക്കുപോലും എളുപ്പമല്ല.



പക്ഷെ ഇവിടത്തെ ആചാരത്തിൽ ഇളവില്ല. അതെന്തുമാകട്ടെ, ഈ സൗഭാഗ്യ സ്വപ്നവുമായി ഓരോ വർഷവും ആയിരങ്ങൾ പള്ളിപ്പടവുകൾ കയറുന്നു. ലോകത്തിന്റെ പല ഭാഗത്തുനിന്നുള്ളവരുണ്ട്. നിയമപ്രകാരം വിവാഹിതരായവർക്കും പടിമുകളിലെ പരിണയത്തിന് എത്താം. ഇതെല്ലാം ഒരുക്കിക്കൊടുക്കാൻ ഇവന്റ് മാനേജ്മെന്റ് സംഘങ്ങൾ എത്ര വേണമെങ്കിലുമുണ്ട്. ഈ സാഹസവിവാഹത്തിന് എത്ര വർഷത്തെ പാരമ്പര്യമുണ്ട് എന്നു വ്യക്തമല്ല.

## ലോകത്തിലെ ഏറ്റവും വിലകൂടിയ സാരി

വസ്ത്രങ്ങളോട് അതിയായ താല്പര്യമുള്ളവരാണ് സ്ത്രീകൾ. മറ്റു സ്ത്രീകൾക്കുമുന്നിൽ പിടിച്ചു നിൽക്കാൻ മികച്ച വസ്ത്രങ്ങൾ വേണം. അതിന് വില ഒരു തടസമേയല്ല.



എങ്കിലും ലോകത്തിലെ ഏറ്റവും വിലകൂടിയ സാരിയുടെ വിലയെത്രയാകുമെന്ന് എന്തെങ്കിലും നിശ്ചയമുണ്ടോ? ലോകത്തിലെ ഏറ്റവും വിലകൂടിയ സാരിയുടെ വില 39,31,627 രൂപയാണ്. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലാണ് സാരി നിർമിച്ചിരിക്കുന്നത്. പ്രതിഭാശാലിയായ ചിത്രകാരൻ രാജാരവിവർമ്മയുടെ 11 ചിത്രങ്ങളാണ് സാരിയിലുള്ളത്. അദ്ദേഹത്തിന്റെ ഗാലക്സി ഓഫ് മ്യൂസിഷ്യൻസ് ആണ് പ്രധാന ചിത്രം. നെയ്ത്തുകാരും കലാകാരുമുൾപ്പെടെ 4760 പേരുടെ അധ്വാനമാണ് സാരിക്കു പിന്നിലുള്ളത്. ഇനി ഇതിൽ ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെ അളവുകൂടി അറിഞ്ഞോളൂ. സ്വർണം: 59 ഗ്രാം 700 മില്ലി ഗ്രാം/വജ്രം: മൂന്നു കാരറ്റ് 913 സെന്റ്/ പ്ലാറ്റിനം: 120 മില്ലിഗ്രാം / വെള്ളി: അഞ്ച് ഗ്രാം / റൂബി: രണ്ട് കാരറ്റ് 985 സെന്റ്/ ഇന്ദ്രനീലം: അഞ്ച് കാരറ്റ്/ മരതകം: 55 സെന്റ്/ പുഷ്യരാഗം: പത്ത് സെന്റ്/ മുത്ത്: രണ്ട് ഗ്രാം/ പവിഴം: 400 മില്ലിഗ്രാം. സാരിക്ക് ഇത്ര വില കൊടുക്കുന്നതിൽ തെറ്റില്ലാ എന്ന് ഇപ്പോൾ മനസിലായില്ലെ. ഈ പ്രത്യേകതകൾ തന്നെയാണ് സാരിക്ക് ഗിന്നസ് ബുക്കിൽ ഇടം നേടിക്കൊടുത്തതും.

## ഇങ്ക് വെൽ മാനർ: ഒരു യൂ ട്യൂബ് വീട്



യൂട്യൂബും കണ്ട് വെറുതേ സമയം കളയുന്നവർക്ക് മാതൃകയാവുകയാണ് കാരാ ബ്രൂക്കിൻസ് എന്ന അമേരിക്കക്കാരി. 2008ലാണ് ഭർത്താവിന്റെ ക്രൂരതകൾ സഹിക്കാനാവാതെ കാരാ തന്റെ നാലു മക്കളെയും കൂട്ടി വീടുവിട്ടറിങ്ങുന്നത്.

താമസിക്കാനൊരു വീടില്ലാതെ അവർ ഒരുപാട് വലഞ്ഞു. എങ്കിലും ബ്രൂക്കിൻസിനു നിർബന്ധമായിരുന്നു, സ്വന്തമായി ഒരു വീടുവേണം, അവിടെ ഓരോ മക്കൾക്കും സ്വന്തമായി മുറിയും. അങ്ങനെ ആ അമ്മ സ്വയം യൂട്യൂബിന്റെ സഹായത്തോടെ ഒരു വീടു നിർമിച്ചു.

വീടു നിർമാണത്തിനിടെ നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ബ്രൂക്കിൻസ് "റൈസ് ഹൗ എ ഹൗസ് ബിൽറ്റ് എ ഫാമിലി" എന്ന പുസ്തകത്തിൽ പറയുന്നു. നിർമാണത്തിൽ സഹായമായതിനു ബ്രൂക്കിൻസ് യൂട്യൂബിനു പുസ്തകത്തിലൂടെ നന്ദിപറയുന്നുമുണ്ട്. ബ്രൂക്കിൻസിന്റെ മൂത്ത മകൻ ഡ്രൂ വീടിന്റെ രേഖാചിത്രം വരച്ച് അധികൃതരിൽ നിന്ന് നിർമാണത്തിന് സമ്മതം വാങ്ങി.

പെൺമക്കളായ ജാദയും ഹോപും അടുത്തുള്ള കുളത്തിൽ നിന്നു വെള്ളം കോരിക്കൊണ്ടു വരുന്നതിനൊപ്പം പാചകവും ഇളയ മകൻ റോമനെ നോക്കുകയും ചെയ്തു. അന്ന് വീട്ടിൽ ആർക്കും സ്മാർട്ട് ഫോൺ ഒന്നുമില്ലാതിരുന്നതിനാൽ കാര ഓരോ ചെറിയ ജോലിക്കും വെബ്സൈറ്റിന്റെ സഹായം തേടിയിരുന്നു.

വീടിനടിസ്ഥാനമിടാനും മതിലുകൾ കെട്ടാനുമെല്ലാം യൂട്യൂബ് ട്യൂട്ടോറിയലുകൾ അവരെ സഹായിച്ചു. ആകെ കൈയ്യിൽ നിന്നു ചെലവായതോ ഏകദേശം 88 ലക്ഷം രൂപ.

ഒമ്പതു മാസത്തെ കഠിനാധ്വാനത്തിനു ശേഷം അവരുടെ ഇങ്ക് വെൽ മാനർ എന്ന വീടൊരുങ്ങി. ഇതു വെറുമൊരു വീടു മാത്രമല്ല, മറിച്ച് ഒരമ്മയുടേയും മക്കളുടേയും കഠിനാധ്വാനത്തിന്റെയും സ്പനത്തിന്റെയും ഫലമാണിത്.


35750 ഡിജിറ്റൽ വായനക്കാരുമായി
വേദാഭിമാനി 17–ാം വർഷത്തിലേക്ക്

ബൈബിൾ പ്രവചനങ്ങളും
അന്ത്യകാല സംഭവങ്ങളും

666 എന്ന യാഥാർത്ഥ്യം
ഭയാനകമായ അന്ത്യകാല സംഭവങ്ങൾ
ഇത് ഭാവനയല്ല
ഭീകരമായ യാഥാർത്ഥ്യങ്ങൾ
വ്യക്തമായ തെളിവുകളോടെ




സുവിശേഷീകരണത്തിനും
ആധികാരിക വേദപുസ്തക പഠനത്തിനും

ടൈറ്റസ് കാർത്തികപ്പള്ളി
കേരള–690516

9847232598
9847990939

വേദാഭിമാനി ഗോസ്പൽ ടീം

ദൈവവചനത്തിൽ അടിയുറച്ച് സുവിശേഷീകരണത്തിൽ ശ്രദ്ധവച്ച്
നേരോടെ–നിർഭയം–നിരന്തരം
27–ാം വർഷത്തിലേക്ക്... പ്രാർത്ഥിക്കുക... സഹകരിക്കുക...

വയസ് 27



| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ–പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ –Rs.150 മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |



# ദാതാവ് വേണ്ട: ദാനം മതി

**ദൈ**വഹിതത്തെ, പൂർണ ദൈവഹിതം (perfect will) എന്നും 'അനുവദനീയമായ ദൈവഹിതം' (permissive will) എന്നും രണ്ടായി തിരിച്ചു പറയാറുണ്ട്. എന്താണീ പൂർണ ദൈവഹിതവും അനുവദനീയ ദൈവഹിതവും? ഇവ എന്തെന്നു വ്യക്തമാക്കാൻ യിസ്രായേൽ മക്കളുടെ ചരിത്രത്തിൽ നിന്ന് ഒരു രംഗം കണ്ടെടുക്കാവുന്നതേയുള്ളൂ. യിസ്രായേൽ മക്കളെ ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കുമ്പോൾ അവർ 12 ഗോത്രങ്ങളെയും വാഗ്ദത്ത കനാനിൽ എത്തിക്കണമെന്നതായിരുന്നു ദൈവത്തിന്റെ ആഗ്രഹം. ഇതിനെ ദൈവത്തിന്റെ പൂർണഹിതം (perfect will) എന്നു വിളിക്കാം. എന്നാൽ വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുന്നതിനു മുൻപു യോർദ്ദാന്റെ കിഴക്കേക്കരയിൽ നല്ല പുൽമേടുകൾ കണ്ടപ്പോൾ രണ്ടര ഗോത്രങ്ങൾക്ക് (രൂബേന്യർ, ഗാദ്യർ, മനെശ്ശയുടെ പാതി ഗോത്രം) കനാനിൽ പ്രവേശിക്കേണ്ട. തങ്ങൾ ഇവിടെ ആടുമാടുകളെ വളർത്തി കനാനിനു പുറത്തു സുഖമായി ജീവിച്ചുകൊള്ളാം എന്നായി അവരുടെ നിലപാട്. അവർ ശാഠ്യം പിടിച്ചപ്പോൾ രണ്ടര ഗോത്രങ്ങളുടെ ആഗ്രഹം ദൈവം അനുവദിച്ചു (സംഖ്യ. 32). ഇതാണ് ദൈവത്തിന്റെ അനുവദനീയമായ ഹിതം (permissive will).

യിസ്രായേലിന്റെ ചരിത്രത്തിൽ നിന്നുതന്നെയുള്ള മറ്റൊരു ഉദാഹരണം അവർക്കു രാജാവിനെ വാഴിക്കുന്നതുമായി ബന്ധപ്പെട്ടാണ്. യിസ്രായേൽ മക്കൾക്കു രാജാവിനെ വേണ്ട, താൻ തന്നെ ന്യായാധിപന്മാരിലൂടെ അവരെ നടത്തിക്കൊള്ളാം എന്നതായിരുന്നു ദൈവത്തിന്റെ തിരുവിഷ്ടം. ഇതായിരുന്നു അവരെ സംബന്ധിച്ച അവിടുത്തെ പൂർണഹിതം (perfect will). എന്നാൽജാതികളെപ്പോലെ തങ്ങൾക്കും രാജാവിനെ വേണമെന്നു ജനം ശാഠ്യം പിടിച്ചപ്പോൾ അതു സാധിച്ചു കൊടുത്തുകൊള്ളാൻ ദൈവം ശമുവേലിനെ അനുവദിച്ചത് (1 ശമു. 8:7) അവിടുത്തെ അനുവദനീയമായ ഹിതം (perfect will).

ദൈവത്തിന്റെ പൂർണഹിതം പോലെ തികവുള്ളതല്ല അനുവദനീയമായ ഹിതം. അത് ഏറ്റവും മികച്ചതല്ല, രണ്ടാം തരത്തിലെ നന്മയാണത് (second best). മുകളിൽ പറഞ്ഞ രണ്ട് ഉദാഹരണങ്ങളിലും ദൈവത്തിന്റെ പൂർണ ഹിതത്തിനു താഴെ അനുവദനീയമായ ഹിതത്തിൽ തങ്ങിനിന്നവർക്ക് അത് നന്മയായില്ലെന്നു പില്ക്കാല ചരിത്രം സാക്ഷിക്കുന്നു.


യോർദ്ദാൻ നദിയുടെ കിഴക്കേ കരയിൽ തങ്ങിയ രണ്ടര ഗോത്രങ്ങളുടെ അടുത്തേക്കു സാക്ഷാൽ ദൈവപുത്രൻ ഭൂമിയിൽ വന്നപ്പോൾ ചെന്ന രംഗം മർക്കൊസ് അഞ്ചാം അധ്യായത്തിൽ കാണാം. യേശു അവിടെ ചെന്നപ്പോൾ, തന്നെ എതിരേറ്റുവരാൻ മറ്റാരുമില്ല, മറിച്ച് യേശുവിനെ സ്വീകരിക്കാൻ വരുന്നതു കല്ലറകളിൽ നിന്നുള്ള ഒരു ഭൂതഗ്രസ്തനാണ്! മാത്രമോ? കന്നുകാലികളെ വളർത്താൻ പുല്ലുണ്ടെന്ന ന്യായം പറഞ്ഞ് അന്ന് അവിടെ തമ്പടിച്ച രണ്ടര ഗോത്രങ്ങൾ ഇപ്പോൾ വളർത്തുന്നത് യഹൂദന് അറപ്പായ പന്നിയെയാണ്!!

പൂർണ ദൈവഹിതത്തിനു താഴെ രാജാവിനെ വേണമെന്നു ശാഠ്യം പിടിച്ച കനാൻ നാട്ടിലെ യിസ്രായേൽ മക്കളുടെ പില്ക്കാല ചരിത്രവും അനുവദനീയമായ ദൈവഹിതത്തിന്റെ തികവില്ലായ്മയിലേക്കു വിരൽ ചൂണ്ടുന്നു. ദൈവം ശമുവേലിലൂടെ മുന്നറിയിപ്പു നൽകിയതുപോലെ (1 ശമു. 8:10–18) രാജാക്കന്മാർ തങ്ങളുടെ ബലിഷ്ഠകരം ജനത്തിന്റെ മേൽ വച്ച് അവരെ ഞെരുക്കി. രാജാക്കന്മാർക്കിടയിലെ അന്തഃഛിദ്രങ്ങളും അവരുടെ പടയോട്ടങ്ങളും പ്രജകൾക്കു നൽകിയതും ഒട്ടും സന്തോഷകരമായ അനുഭവങ്ങളായിരുന്നില്ല. രാജ്യം രണ്ടായി, പ്രവാസത്തിലേക്കു പോകേണ്ടി വന്നു... അതുവഴി തിന്മകൾ പലതും സംഭവിച്ചു.

നമ്മെക്കുറിച്ചുള്ള പൂർണ ദൈവഹിതത്തിനു താഴെ അനുവദനീയമായ ദൈവഹിതത്തിൽ ഒതുങ്ങിക്കൂടുന്നത് പിന്നത്തേതിൽ അപകടകരമാകാം. പൂർണ്ണ അനുതാപത്തോടെ മടങ്ങിവന്നാൽ നമ്മുടെ പരാജയങ്ങളെ വിജയമാക്കിത്തീർക്കുവാൻ ദൈവത്തിനു കഴിയുമെന്നതു മറ്റൊരു കാര്യമാണ്. അവിടുന്നു കരുണയുള്ളവനാണല്ലോ. ദൈവഹിതത്തിനു രണ്ടു നിലവാരങ്ങളുണ്ടെന്നതുപോലെ നാം ദൈവഹിതത്തെ സ്വീകരിക്കുന്നതിനെയും ഇഴവിടർത്തി പരിശോധിച്ചാൽ അതിനു രണ്ടു തലങ്ങളുണ്ടെന്നു കാണാം. ഒന്ന്: നമ്മുടെ ആകമാന ജീവിതം സംബന്ധിച്ചുള്ള ദൈവഹിതത്തെ സ്വീകരിക്കുന്നത് (God's will in us), രണ്ട്: ദൈനംദിന ജീവിതത്തിൽ പ്രായോഗിക കാര്യങ്ങളിൽ ദൈവഹിതം അനുസരിച്ചു ചെയ്യുന്നത് (God's will through us). ഇതിൽ ഒന്നാമത്തേത് സ്വീകരിക്കുന്നവർക്കു മാത്രമേ രണ്ടാമത്തേത്–ദൈനംദിന ജീവിതത്തിലെ പ്രായോഗിക കാര്യങ്ങളുടെ മുന്നിൽ ദൈവസ്വരം കേട്ടു ദൈവഹിതം നടപ്പാക്കുന്നത് എളുപ്പമാകുകയുള്ളൂ. യേശുവിന്റെ ജീവിതം ഈ സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പരസ്യ ശുശ്രൂഷാ കാലത്ത് യെഹൂദാ മതലോകം അവിടുത്തെ മുൻപിൽ കൊണ്ടുവന്ന കുടുക്കു ചോദ്യങ്ങളുടെയും തന്ത്രങ്ങളുടെയും മധ്യത്തിൽ ഓരോ സന്ദർഭത്തിലും യേശുവിന് ദൈവഹിതപ്രകാരം പ്രതികരിക്കാൻ കഴിഞ്ഞതെങ്ങനെയാണ്? അവിടുന്നു തന്റെ ആകമാന ജീവിതം സംബന്ധിച്ചുള്ള പിതാവിന്റെ ഹിതത്തെ നേരത്തെ പൂർണമായി സ്വീകരിച്ചിരുന്നു എന്നതായിരുന്നു കാരണം. ദാനിയേൽ, യോസേഫ് എന്നീ പഴയനിയമ ഭക്തന്മാരുടെ അനുഭവങ്ങളും ഇവിടെ ഓർക്കുക. പ്രായോഗിക ജീവിത സാഹചര്യങ്ങളിൽ ദൈവനടത്തിപ്പു തരിച്ചറിയേണ്ട എത്ര രംഗങ്ങൾ അവർക്കുണ്ടായി! എന്നാൽ അവർ നേരത്തെ തന്നെ ദൈവത്തിനായി സമർപ്പിതരായതുകൊണ്ട് ദൈവനടത്തിപ്പ് മനസ്സിലാക്കുന്നത് അവർക്ക് എളുപ്പമായിരുന്നു.

അപ്പോൾ നമ്മുടെ ആകമാന ജീവിതം സംബന്ധിച്ചു ദൈവഹിതം ഏറ്റെടുക്കുന്നതാണ് പ്രധാനം എന്നു വരുന്നു. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിനാണ് ഇവിടെ ഊന്നൽ. ദൈനംദിന പ്രായോഗിക കാര്യങ്ങളിലെ ദൈവഹിതം, ദൈവവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധത്തിൽ നിന്നു വേർപെടുത്തി കാണാൻ കഴിയുകയില്ല. എന്നാൽ ഇന്നു പലർക്കും ദാനം (ദൈവനടത്തിപ്പ്) മതി, ദാതാവിനെ (ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം) വേണ്ട. പക്ഷേ മുഴുജീവിതത്തെ പൂർണദൈവഹിതത്തിനായി സമർപ്പിക്കാതെ ദൈനംദിന ജീവിതത്തിൽ ദൈവനടത്തിപ്പു മാത്രം അറിയാനുള്ള ശ്രമം എത്ര അപഹാസ്യമാണ്! നിർഭാഗ്യകരമെന്നു പറയട്ടെ, ഇന്നു ക്രിസ്തീയ ഗോളത്തിലെ 'സ്വയം പ്രഖ്യാപിത പ്രവാചകന്മാർ' ഈ തെറ്റായ പ്രവണതയാണ് പ്രോത്സാഹിപ്പിക്കുന്നത്!

ചുരുക്കത്തിൽ നമ്മുടെ മുഴു ജീവിതത്തെക്കുറിച്ചുമുള്ള പൂർണ ദൈവഹിതത്തിനു കീഴടങ്ങുക–ഇതാണ് ഒന്നാമതായി വേണ്ടത്. ദൈവഭയം (സദൃ. 3:7; 9:10) ദൈവാശ്രയം, വിശ്വാസം, അനുസരണം (സദൃ. 3:5, 6) സമ്പൂർണ്ണ സമർപ്പണം (റോമർ 12:1, 2) എന്നിവയിലൂടെ ഒന്നാമത് ആകമാന ജീവിതത്തെ ദൈവഹിതത്തിനായി (1 തെസ്സ. 4:3) ഏല്പിക്കുക. ഇങ്ങനെ നമ്മിൽ ദൈവഹിതം നിറവേറുമ്പോൾ (in us) തുടർന്നു പ്രായോഗിക കാര്യങ്ങളിൽ നമ്മിലൂടെയുള്ള ദൈവഹിതം (through us) കണ്ടെത്തുവാൻ കഴിയും. ❏



# എല്ലാം നന്മയ്ക്കായി

**പ്ര**ശസ്ത ചിന്തകനും ചിത്രകാരനും ചിത്രനിരൂപകനും എഴുത്തുകാരനുമായിരുന്നു ജോൺ റസ്കിൻ (1819–1900). ലണ്ടനിൽ ജനിച്ചുവളർന്ന അദ്ദേഹം ഓക്സ്ഫഡ് യൂണിവേസിറ്റിയിലെ ഫൈൻ ആർട്സ് പ്രഫസറായിരുന്നു. അതിനിടെ അദ്ദേഹം സ്വന്തമായി ഒരു ഡ്രോയിംഗ് ആൻഡ് ഫൈൻ ആർട്സ് സ്കൂൾ സ്ഥാപിച്ചു നടത്തിയിരുന്നു.

ഒരിക്കൽ റസ്കിൻ തന്റെ സുഹൃത്തായ ഒരു പ്രഭ്വിയെ സന്ദർശിക്കാനിടയായി. അപ്പോൾ വളരെ വിലപ്പെട്ട ഒരു തൂവാല വലിയ സങ്കടത്തോടെ ആ സ്ത്രീ അദ്ദേഹത്തെ കാണിച്ചു. റസ്കിൻ ആ തൂവാല കൈയിലെടുത്തു പരിശോധിച്ചു. മനോഹരമായ ആ തൂവാലയിൽ കറയുള്ള ഒരു മഷിത്തുള്ളി വീണ് അതിന്റെ ഭംഗി നശിപ്പിച്ചിരുന്നു. റസ്കിന് ആ പ്രഭ്വിയുടെ സങ്കടം മനസിലാക്കാൻ സാധിച്ചു. കാരണം അത്രമാത്രം വിലയേറിയ ഒരു തൂവാലയായിരുന്നു അത്.



മഷി വീണ് ഭംഗി നഷ്ടപ്പെട്ട തൂവാല തനിക്ക് തന്നേക്കാമോ എന്ന് റസ്കിൻ പ്രഭ്വിയോടു ചോദിച്ചു. അപ്പോൾ അവർ ഉടനെ അതു റസ്കിന് സമ്മാനിച്ചു. കുറേദിവസം കഴിഞ്ഞപ്പോൾ റസ്കിൻ വീണ്ടും ആ പ്രഭ്വിയെ സന്ദർശിക്കാനെത്തി. അപ്പോൾ അദ്ദേഹത്തിന്റെ കൈവശം മുൻപ് സമ്മാനമായി ലഭിച്ച തൂവാലയുമുണ്ടായിരുന്നു. ഒരു പുഞ്ചിരിയോടെ അദ്ദേഹം ആ തൂവാല പ്രഭ്വിക്കു തിരികെ നൽകി.

പ്രഭ്വി ആ തൂവാല വിടർത്തി നോക്കി. അപ്പോൾ അവർക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. ചിത്രകാരനായ റസ്കിൻ ആ തൂവാലയിലെ മഷിത്തുള്ളി കേന്ദ്രീകരിച്ച് മനോഹരമായ ഒരു ഡിസൈൻ വരച്ചുചേർത്തിരിക്കുന്നു. അപ്പോൾ ആ തൂവാല അതിന്റെ ഒറിജിനൽ രൂപത്തെക്കാൾ ഏറെ ഭംഗിയുള്ളതായിത്തീർന്നിരുന്നു.

നമ്മുടെ ജീവിതം വളരെ മനോഹരമായി മുൻപോട്ടു പോകുമ്പോഴായിരിക്കും അപ്രതീക്ഷിതമായി ഒരു ദുരന്തം നമ്മുടെ ജീവിതത്തിൽ സംഭവിക്കുക. അപ്പോൾ എല്ലാം തകർന്നു എന്ന പ്രതീതിയായിരിക്കും നമുക്കുണ്ടാവുക. തത്ഫലമായി നാം നിരാശയുടെ പടുകുഴിയിൽ വീണുപോയെന്നിരിക്കും. എന്നാൽ അപ്പോഴൊക്കെ നാം ഓർമിക്കേണ്ട ഒരു വസ്തുതയുണ്ട്. അതായത്, ഏതു ദുരന്തവും നമ്മുടെ നന്മയ്ക്കായി മാറ്റാൻ ദൈവത്തിനു സാധിക്കും എന്നത്.

റസ്കിന്റെ സുഹൃത്തായിരുന്നു പ്രഭ്വിയുടെ തൂവാലയിൽ മഷിത്തുള്ളി വീണ് അതിന്റെ ഭംഗി നഷ്ടപ്പെട്ടപ്പോൾ ആ മഷിത്തുള്ളിയെ കേന്ദ്രീകരിച്ചുതന്നെ മനോഹരമായ ഒരു ഡിസൈൻ ആ തൂവാലയിൽ വരച്ചുചേർക്കാൻ റസ്കിനു സാധിച്ചു. അതുവഴി ആ തൂവാലയുടെ ഭംഗി അതിന്റെ ഒറിജിനലിൽനിന്ന് ഏറെ മെച്ചപ്പെടുകയും ചെയ്തു.

മഷി വീണ ഒരു തൂവാല ചിത്രരചനയിലൂടെ റസ്കിന് പതിന്മടങ്ങ് ഭംഗിയാക്കാൻ സാധിച്ചുവെങ്കിൽ അതിലും എത്ര മനോഹരമായി തകർന്നടിഞ്ഞ നമ്മുടെ ജീവിതം പ്രഭാപൂർണമാക്കാൻ ദൈവത്തിനു സാധിക്കും? പക്ഷേ അതിന് നാം നമ്മെത്തന്നെ ദൈവത്തിന് വിട്ടുകൊടുക്കണമെന്നുമാത്രം.

മഷിത്തുള്ളി വീണ തൂവാല ആ പ്രഭ്വി റസ്കിന് നൽകിയതുകൊണ്ടാണ് അദ്ദേഹത്തിന് ആ തൂവാല തന്റെ കരവിരുതിലൂടെ മനോഹരമാക്കാൻ സാധിച്ചത്. ഇതുപോലെ, നാം നമ്മെ ദൈവത്തിന്റെ പരിപാലനയ്ക്ക് വിട്ടുകൊടുക്കാൻ തയാറാവുകയാണെങ്കിൽ അവിടത്തെ സ്നേഹം നമ്മുടെ ജീവിതത്തിലെ ഏതു ദുരന്തവും നമ്മുടെ നന്മയ്ക്കായി ഭവിപ്പിക്കും എന്നു തീർച്ചയാണ്.

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (റോമ. 8:28).

നമ്മുടെ ജീവിതത്തിൽ എന്തെല്ലാം ദുഃഖദുരിതങ്ങളുണ്ടായാലും അവയെല്ലാം നമ്മുടെ ജീവിതത്തിലെ നന്മകളോടു കോർത്തിണക്കി നമ്മുടെ ജീവിതം ഏറെ മനോഹരമാക്കുവാൻ ദൈവത്തിനു സാധിക്കുമെന്നതിൽ നമുക്കൊരിക്കലും സംശയം വേണ്ട. നാം നമ്മുടെ ജീവിതത്തെ ദൈവത്തിന്റെ അനന്തപരിപാലനയ്ക്കു വിട്ടുകൊടുത്തുകൊണ്ട് അവിടുന്ന് കാണിച്ചുതരുന്ന വഴിയിലൂടെ മുന്നോട്ടുപോയാൽ മാത്രം മതി. അപ്പോൾ നമ്മുടെ ജീവിതം ദുഃഖദുരിതങ്ങൾക്കിടയിലും ഏറെ മനോഹരമായി മാറിക്കൊള്ളും.

ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു എന്നത് എപ്പോഴും നമ്മുടെ ഓർമയിലുണ്ടായിരിക്കട്ടെ, അപ്പോൾ നമ്മുടെ ജീവിതം എപ്പോഴും സമാധാനപൂർണമായി നിലകൊള്ളും. ❏






## ഞാൻ ഖേദിക്കുന്നു

**വ്യ**ക്തികൾ തമ്മിലുള്ള ഇടപെടലുകൾ എപ്പോഴും സുഗമമായിരിക്കണമെന്നില്ലല്ലോ. ഉരസലുകളും അതേത്തുടർന്നുള്ള അസ്വാരസ്യങ്ങളും സ്വാഭാവികമാണ്. ഉരയുന്ന ചക്രങ്ങൾക്ക് അയവ് വരുത്താൻ പറ്റിയ സ്നേഹദ്രവ്യമാണ് സമയോചിതമായ നല്ല വാക്ക്. ഇംഗ്ലീഷുകാരൻ 'അയാം സോറി' എന്ന് ഔപചാരികമായി പറയുമ്പോൾ, നമുക്ക് അതേ പദപ്രയോഗമോ തത്തുല്യമായ മലയാളപ്രയോഗ ശൈലിയോ സ്വീകരിക്കാം. വാക്കുകളുടെ വിന്യാസമല്ല, വിനയമുള്ള ഒരു മനോഭാവമാണാവശ്യം.

നമുക്ക് ഇന്ന് വന്നുഭവിച്ചിരിക്കുന്ന ഒരു വലിയ തിന്മയാണ് എവിടെയും എന്തിനും സ്വയം ന്യായീകരിക്കൽ. അതിനു ശക്തി കൂട്ടാൻ അതിശയോക്തികളും കള്ളത്തരങ്ങളും പ്രയോഗിക്കേണ്ടിയും വരും. വന്നുപോയ തെറ്റിനെ ശരിയാക്കാനായി ഒരുപാട് ഒഴികഴിവുകൾ കണ്ടുപിടിക്കാൻ തത്രപ്പെടുന്നതിനേക്കാൾ എത്രയോ ഭേദമാണ് ചെയ്തുപോയതിൽ ഖേദിക്കുന്നുവെന്നു പറയുന്നത്.

ആത്മീയർ മുതൽ രാഷ്ട്രീയക്കാർ വരെ, കീഴുദ്യോഗസ്ഥർ മുതൽ മേലാളന്മാർ വരെ ഈ ഒരു സംഭാഷണരീതിയിൽ ശിക്ഷണം നേടിയാൽ പൊതുജനജീവിതത്തിലെ അനുദിന സംഘർഷങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാം. വാശിയും വീറും കയ്യാങ്കളിയും കുത്തും വെട്ടും ഒക്കെ തടഞ്ഞുനിർത്താൻ ആരംഭത്തിലെതന്നെ ഒരു നല്ല സൗഹൃദവാക്ക് പ്രയോഗിക്കാൻ നമുക്കു കഴിയട്ടെ.

## ലക്ഷ്യത്തിലെത്താൻ



**കേ**ശു കൃഷിചെയ്യാനായി ഒരു പറമ്പ് വാങ്ങി. അതിൽ ഒരു കിണർ കുഴിക്കാൻ അയാൾ തീരുമാനിച്ചു. വിദഗ്ധനായ ഒരാളെ കൊണ്ടുവന്ന് കിണറിന്റെ സ്ഥാനം കാണുകയും ചെയ്തു. പിറ്റേന്ന് മുതൽ കേശു കിണർ കുഴിതുടങ്ങി.

കുറച്ചു ദിവസം കൊണ്ട് പതിനഞ്ച് അടിയോളം താഴ്ചയിലെത്തി. എന്നാൽ വെള്ളത്തിന്റെ ഒരു ലക്ഷണവും കാണാതിരുന്നതിനാൽ കേശു നിരാശനായി. വിഷമിച്ച് ഒരിടത്ത് ഇരിക്കുമ്പോഴാണ് ഒരാൾ അതുവഴി വന്നത്. കേശുവിനോട് അയാൾ കാര്യം തിരക്കി. കേശു പറഞ്ഞത് കേട്ട് വഴിപോക്കൻ ഉറക്കെ ചിരിച്ചു. "എടോ, ഈ സ്ഥലത്ത് കുഴിച്ചാൽ തനിക്ക് ഒരു തുള്ളി വെള്ളംപോലും കിട്ടില്ല. ദാ, ഇവിടെ കുഴിച്ചുനോക്ക്," എന്ന് പറഞ്ഞ് അയാൾ മറ്റൊരു സ്ഥലം കാണിച്ചുകൊടുത്തു.

പിറ്റേന്ന് മുതൽ അയാൾ അവിടെ കുഴിക്കാൻ തുടങ്ങി. എന്നാൽ ഇരുപത് അടി എത്തിയിട്ടും ഒരു തുള്ളി വെള്ളം പോലും കിട്ടിയില്ല. ഇനി എന്തുചെയ്യണമെന്ന് കരുതി ഇരിക്കുമ്പോഴാണ് മറ്റൊരാൾ വന്ന് കിണർ കുഴിക്കാൻ വേറൊരു സ്ഥലം കാണിച്ചുകൊടുത്തത്. കേശു അവിടെയും കുഴിക്കാൻ തുടങ്ങി. കുറേ താഴ്ചയിലെത്തിയിട്ടും വെള്ളം കിട്ടിയില്ല.

ഒടുവിൽ ഇനി കിണർ കുഴിക്കേണ്ട എന്ന് തീരുമാനിച്ച് കേശു വീട്ടിലേക്ക് മടങ്ങി. കാര്യങ്ങൾ അറിഞ്ഞപ്പോൾ കേശുവിന്റെ ഭാര്യ പറഞ്ഞു: "നിങ്ങൾക്ക് ബുദ്ധിയില്ലേ മനുഷ്യാ. ആരെങ്കിലും ഈ രീതിയിൽ കിണർ കുഴിക്കുമോ. ആദ്യം കുഴിച്ചിടത്തുതന്നെ കുഴിച്ചിരുന്നേൽ ഇത്രയും അധ്വാനിക്കാതെ തന്നെ വെള്ളം കിട്ടിയേനെ. **ഓരോരുത്തരുടേയും വാക്കുകൾ കേട്ട് ഓരോന്ന് പ്രവർത്തിക്കാൻ പോയാൽ ജീവിതത്തിൽ ഒരു ലക്ഷ്യവും നേടാൻ കഴിയില്ല.**

ഭാര്യയുടെ വാക്കുകൾ കേശുവിനെ ചിന്തിപ്പിച്ചു. പിറ്റേന്നുതന്നെ അയാൾ പറമ്പിലെത്തി ആദ്യം കുഴിച്ച കിണർ വീണ്ടും കുഴിക്കാൻ തുടങ്ങി. ഏതാനും അടി താഴ്ച എത്തിയപ്പോഴേക്കും കിണറിൽ വെള്ളം കാണുകയും ചെയ്തു.

## എയർഫോഴ്സ് വൺ

പ്ലെയിനുകളുടെ കൂട്ടത്തിൽ സൂപ്പർ സ്റ്റാറാണ് എയർഫോഴ്സ് വൺ! കാരണമെന്തെന്നോ? സാക്ഷാൽ അമേരിക്കൻ പ്രസിഡന്റിന്റെ വിമാനമാണ് ഈ പറക്കും കൊട്ടാരം. ഈ വമ്പൻ വിമാനത്തെപ്പറ്റി കൂട്ടുകാർക്ക് എന്തൊക്കെ അറിയാം?




അപകടവും ആക്രമണങ്ങളുമൊക്കെ ആ വിമാനത്തെ ഏശില്ല എന്ന് വേണമെങ്കിൽ പറയാം. ആണവായുധത്തെപ്പോലും പ്രതിരോധിക്കുന്ന വിധത്തിലാണ് രൂപകൽപ്പന. ആവശ്യമെങ്കിൽ ഒരു ആക്രമണം നടത്താനും ഇവൻ സദാ ഒരുക്കമാണ്. അത്യാധുനികമായ ജിമ്മും സമ്മേളന ഹാളുകളും കൂറ്റൻ ഭക്ഷണശാലയുമൊക്കെ ഈ വിമാനത്തിലുണ്ട്.

ഒരു മിനി ഹോസ്പിറ്റൽ ഇതിനകത്തുണ്ട്. മൂന്നു നിലകളിലായാണ് ഇതിന്റെ ഉൾവശം ഒരുക്കിയിരിക്കുന്നത്. രണ്ട് എയർഫോഴ്സ് വൺ വിമാനങ്ങളുണ്ട്. മണിക്കൂറിൽ 1046 കിലോമീറ്റർ ആണ് ഇതിന്റെ വേഗത. 100 പേർക്ക് ഒരേ സമയം ഇതിൽവെച്ച് ഭക്ഷണം കഴിക്കാം. രണ്ട് അടുക്കളകളാണ് ഇതിനുള്ളത്. പ്രസിഡന്റ് കയറിയാൽ എയർഫോഴ്സ് വൺ!

അമേരിക്കൻ പ്രസിഡന്റ് സഞ്ചരിക്കുമ്പോൾ മാത്രമാണ് യു.എസ്. എയർഫോഴ്സിന്റെ ഈ വിമാനത്തെ എയർഫോഴ്സ് വൺ എന്ന് പറയുക. പ്രസിഡന്റ് ഒരു സാധാരണ വിമാനത്തിൽ സഞ്ചരിച്ചാലും അതിനെ എയർഫോഴ്സ് വൺ എന്നു തന്നയേ പറയൂ. പക്ഷെ, സുരക്ഷാകാരണങ്ങളാൽ അപൂർവ്വമായേ പ്രസിഡന്റ് മറ്റു വിമാനങ്ങളിൽ സഞ്ചരിക്കൂ.

## പണ്ടുപണ്ടൊരു കംപ്യൂട്ടർ!

**പ**ണ്ടും കംപ്യൂട്ടർ ഉണ്ടായിരുന്നുവെന്ന് കൂട്ടുകാർക്കറിയാമോ? ആന്റികീതറ മെക്കാനിസം എന്നാണ് ഇതിന്റെ പേര്. ബി.സി. 200-300 കാലഘട്ടത്തിൽ ഗ്രീസിൽ ഉപയോഗിച്ചിരുന്ന ഒരു പുരാതന കംപ്യൂട്ടർ 1901-ൽ കണ്ടെത്തി. ആന്റികീതറ എന്ന ദ്വീപിനടുത്തുനിന്നാണ് പൽച്ചക്രങ്ങൾ നിറഞ്ഞ ഈ ലോഹ ഭാഗം കണ്ടെത്തിയത്. പണ്ടുകാലത്ത് നക്ഷത്രങ്ങളുടെ സ്ഥാനവും ഗ്രഹണവും മനസ്സിലാക്കാനാണ് ഇത്തരമൊരു ഉപകരണം നിർമിച്ചതെന്നാണ് കരുതപ്പെടുന്നത്.



## വർക്ക്ഷോപ്പിലെ ചക്രവർത്തി



**ച**രിത്രത്തിലെ ഏറ്റവും ഭാഗ്യംകെട്ട ചക്രവർത്തി എന്നാണ് ചൈനയിലെ പു യി ചക്രവർത്തിയെ വിശേഷിപ്പിക്കുന്നത്.

1912-ൽ ചൈനയിലുണ്ടായ വിപ്ലവത്തെത്തുടർന്ന് അധികാരത്തിൽ നിന്നും പുറത്തായ മഞ്ചു രാജവംശത്തിലെ അവസാന ചക്രവർത്തിയായിരുന്നു പുയി. വിപ്ലവത്തിനുശേഷം പലയിടങ്ങളിലും മാറിമാറി താമസിക്കേണ്ടിവന്ന ചക്രവർത്തിക്ക് അധികൃതർ മഞ്ചൂറിയയിലെ അധികാരമില്ലാത്ത ചക്രവർത്തി പദവി നൽകി.

ചക്രവർത്തിയൊക്കെയായിരുന്നെങ്കിലും ബെയ്ജിംഗിലെ ഒരു വർക്ക്ഷോപ്പിൽ ജോലി ചെയ്താണ് അദ്ദേഹം കുടുംബം പുലർത്തിയിരുന്നത്.




## ആലയത്തിലെ നന്മകൊണ്ട് തൃപ്തരാകുന്നു

ഞങ്ങൾ നിന്റെ വിശുദ്ധ മന്ദിരമായ നിന്റെ ആലയത്തിലെ നന്മകൊണ്ട് തൃപ്തരാകും (സങ്കീ. 65:4).

ആലയത്തിലെ നന്മകൊണ്ട് തൃപ്തരാകും എന്നത്, ആരാധിക്കുന്നവർ ദൈവത്തെ ആരാധിച്ചു തൃപ്തരാകും എന്നാണല്ലോ മനസ്സിലാകുന്നത്. ദൈവത്തെ ആരാധിച്ചു തൃപ്തി പ്രാപിക്കുന്നില്ലെങ്കിൽ പിന്നെ ആലയത്തിൽ പോയതുകൊണ്ടും ആരാധിച്ചതുകൊണ്ടും എന്തു വിശേഷം? അനേകർ ഒരു ചടങ്ങായി ആലയത്തിൽ പോയി ആരാധനയിൽ സംബന്ധിച്ചിട്ട് ഒന്നും പ്രാപിക്കാതെ അഥവാ തൃപ്തരാകാതെ മടങ്ങിവരുന്ന അവസ്ഥയെങ്കിൽ അങ്ങിനെയുള്ള ആരാധനാലയങ്ങളിൽ പോയിട്ടെന്തു കാര്യം. ആരാധനയിൽ ഒന്നും പ്രാപിക്കുന്നില്ലെങ്കിൽ ആരാധന ഒരു കാഴ്ചവസ്തുവായി കണ്ടിട്ടു മടങ്ങുകയല്ലേ ചെയ്യുന്നത്?

ആലയത്തിലെ നന്മകൊണ്ട് തൃപ്തരാകേണമെങ്കിൽ ആലയത്തിൽ പോയി ദൈവത്തെ ആരാധിക്കേണ്ടിയിരിക്കുന്നു. ആലയത്തിൽ പോയി ആരാധിക്കുന്നത് പ്രായമുള്ളവർക്കുവേണ്ടിയുള്ളതാണെന്നുള്ള ചിന്താഗതിയുള്ള ഒരു കാലത്താണ് നാം വന്നെത്തിയിരിക്കുന്നത്. ടി. വി.യുടെയും കംപ്യൂട്ടറിന്റെയും മുമ്പിൽ മണിക്കൂറുകൾ ചെലവഴിക്കുന്നവരെ കാണാം. എന്നാൽ ദൈവത്തെ ആരാധിക്കുന്നതിനോ പ്രാർത്ഥനാകൂട്ടങ്ങൾക്കു പോകുന്നതിനോ സമയം കണ്ടെത്താറില്ല. സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നു: യഹോവയുടെ ആലയത്തിലേക്കു നമുക്കു പോകാം എന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു എന്ന് (സങ്കീ. 122:1). "യഹോവയെ സ്തുതിപ്പിൻ യഹോവയ്ക്കു പുതിയൊരു പാട്ടും ഭക്തന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ (സങ്കീ. 149:1). "യഹോവയെ സ്തുതിപ്പിൻ, ദൈവത്തെ അവന്റെ വിശുദ്ധ മന്ദിരത്തിൽ സ്തുതിപ്പിൻ" (സങ്കീ. 150:1). കർത്താവായ യേശുവിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്: "അവൻ ദിവസേന ദൈവാലയത്തിൽ ഉപദേശിച്ചുപോന്നു" (ലൂക്കോ.19:47). "ഞാൻ ദിവസേന ദൈവാലയത്തിൽ നിങ്ങളോടുകൂടെ ഇരുന്നിട്ടും എന്റെ നേരെ കൈ ഓങ്ങിയില്ല... (ലൂക്കോ. 22:53). "അതികാലത്തു അവൻ പിന്നെയും ദൈവാലയത്തിൽ ചെന്നു" (യോഹ. 8:2).




ഞങ്ങൾ നിന്റെ വിശുദ്ധ മന്ദിരമായ നിന്റെ ആലയത്തിലെ നന്മകൊണ്ട് തൃപ്തരാകും എന്ന് ദാവീദ് പറഞ്ഞിരിക്കുന്നു. ദൈവത്തെ സ്തുതിച്ച് ആരാധിക്കുന്നതിൽ താൻ ഏറ്റവും മുന്നിലായിരുന്നു എന്ന് തന്റെ എല്ലാ സങ്കീർത്തനങ്ങളിലും കാണുവാൻ കഴിയും. തന്റെ ഹൃദയത്തിലെ ആഗ്രഹം അവൻ ദൈവത്തോടു അപേക്ഷിച്ചു പറഞ്ഞത്: തനിക്കു യഹോവയുടെ മനോഹരത്വം കാണേണം, അവന്റെ മന്ദിരത്തിൽ ധ്യാനിക്കേണം, തന്റെ ആയുഷ്ക്കാലം മുഴുവൻ യഹോവയുടെ ആലയത്തിൽ പാർക്കേണം എന്നുള്ളതായിരുന്നു (സങ്കീ. 27:4). കോരഹ് പുത്രന്മാർ പറയുന്നു: "നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ; അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും" (സങ്കീ. 84:4).

ആലയത്തിലെ നന്മ അനുഭവിച്ച് തൃപ്തയായ ഒരു വ്യക്തിയെ ചൂണ്ടിക്കാണിപ്പാനാഗ്രഹിക്കുന്നു. ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്നാ എന്നൊരു പ്രവാചകി, അവൾ കന്യാകാലത്തിൽ പിന്നെ ഭർത്താവിനോടുകൂടെ ഏഴു സംവത്സരം കഴിച്ച് എൺപത്തിനാല് സംവത്സരം വിധവയും വളരെ വയസ്സു ചെന്നവളുമായി 'ദൈവാലയം' വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ രാവും പകലും ആരാധന ചെയ്തുപോന്നു. ആ നാഴികയിൽ അവളും അടുത്തുനിന്നു ദൈവത്തെ സ്തുതിച്ചു, യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ച് പ്രസ്താവിച്ചു (ലൂക്കോ. 2;36-38). നോക്കുക, ആലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ രാപ്പകൽ ആരാധന ചെയ്തുപോന്ന ഹന്നാ താൻ മരിക്കുന്നതിനു മുമ്പേ സകല നന്മകളുടെയും ഉറവിടമായ കർത്താവായ യേശുവിനെ കണ്ടു തൃപ്തി പ്രാപിക്കുക മാത്രമല്ല അവനെക്കുറിച്ച് മറ്റുള്ളവരോടു പ്രസ്താവിക്കുകയും ചെയ്തു.

വിവിധ തരത്തിലുള്ള ആരാധനാക്രമങ്ങളും രീതികളും ഇന്ന് ആലയങ്ങളിൽ നടക്കുന്നത് കാണുവാൻ കഴിയും. എന്നാൽ ആരാധനയെക്കുറിച്ച് കർത്താവായ യേശു വെളിപ്പെടുത്തി തന്നത് ഇവിടെ ഉദ്ധരിക്കുന്നു. ശമര്യാക്കാരി സ്ത്രീ തങ്ങളുടെ പിതാക്കന്മാർ ദൈവത്തെ ആരാധിക്കുന്നതിനെപ്പറ്റി യേശുവിനോടു പറഞ്ഞപ്പോൾ യേശു അവളോട്: സ്ത്രീയേ എന്റെ വാക്ക് വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലും അല്ല യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്ക്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്ക്കരിക്കുന്നു. രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്. സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്ക്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവ് ആകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം (യോഹ. 4:21-24).

ആർ, ആരെ, എങ്ങിനെ ആരാധിക്കേണം എന്നുള്ളത് യേശു വ്യക്തമാക്കി തന്നിരിക്കുന്നു. സത്യനമസ്ക്കാരികൾ ആരാധിക്കേണം. ദൈവത്തെ മാത്രം ആരാധിക്കണം. ആത്മാവിലും സത്യത്തിലും ആരാധിക്കണം. ആരാധനക്കാർക്ക് തൃപ്തി പ്രാപിക്കണമെങ്കിൽ ഈ വ്യവസ്ഥയിൽ ആരാധിക്കേണം.

യേശു പറഞ്ഞു: സത്യനമസ്ക്കാരികൾ പിതാവിനെ ആരാധിക്കണമെന്ന്. ആരാണ് സത്യനമസ്ക്കാരികൾ? ഒറ്റവാക്കിൽ പറഞ്ഞാൽ രക്ഷിക്കപ്പെട്ട ജനം. രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത് എന്നാണ് യേശു ശമര്യാ സ്ത്രീയോടു പറഞ്ഞത്: യഹൂദന്മാർ കാത്തിരിക്കുന്ന രക്ഷകനായ ക്രിസ്തുവിലൂടെയുള്ള രക്ഷയെ യേശു അവൾക്കു വെളിപ്പെടുത്തുകയായിരുന്നു. മശിഹാ എന്നുവച്ചാൽ ക്രിസ്തു വരുന്നു എന്നു ഞാൻ അറിയുന്നു, എന്നു പറഞ്ഞതിന് യേശു അവളോട്, നിന്നോടു സംസാരിക്കുന്ന ഞാൻ തന്നേ മശിഹാ എന്നു പറഞ്ഞു.

പഴയനിയമകാലത്ത് ദൈവത്തിനു യാഗം അർപ്പിച്ചു ആരാധിക്കുമായിരുന്നു. എന്നാൽ ഇന്ന് ആരാധിക്കുവാൻ ഒരു യാഗവും കഴിക്കേണ്ടതില്ല. കർത്താവായ യേശുക്രിസ്തു കാൽവറിയിൽ എല്ലാവർക്കുംവേണ്ടി പരമയാഗമായിത്തീർന്നതിനാൽ, യേശു ഒരിക്കലായി അർപ്പിച്ച തന്റെ ശരീര യാഗത്തിൽ വിശ്വസിച്ചാൽ മതി. യേശുവിന്റെ കാൽവറി യാഗത്തിൽ വിശ്വസിച്ച് പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി ഹൃദയത്തിൽ കൈക്കൊള്ളുമ്പോൾ രക്ഷിക്കപ്പെടുന്നു അഥവാ വീണ്ടും ജനിക്കുന്നു. അങ്ങിനെ വീണ്ടുംജനനം പ്രാപിച്ചവരെയാണ് ദൈവമക്കൾ എന്ന് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത്.

'അവനെ (യേശുവിനെ) കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു' (യോഹ. 1:12).

'കാണ്മീൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു' (1 യോഹ. 3:1).

'....അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തം ആയിരുന്നു' (എബ്രാ. 2:10).

മുകളിൽ പ്രസ്താവിച്ച പ്രകാരം ദൈവമക്കളായിത്തീർന്നവർ, ആത്മാവിൽ വീണ്ടും ജനിച്ചവരാണ്, പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്നവർ.

ആരാധനയിൽ തൃപ്തി പ്രാപിക്കണമെങ്കിൽ തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥപ്രകാരം ആരാധിക്കേണ്ടിയിരിക്കുന്നു (തുടരും).

---




## 4. സമൂഹം

(He attacks the Society)

സാത്താന്റെ പദ്ധതിയിൽ സമൂഹം അവസാനമാണ്. സമൂഹമാണ് അവന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം, എന്നിരുന്നാലും അവൻ തന്റെ പദ്ധതി ആരംഭിക്കുന്നത് വ്യക്തികളിലാകുന്നു. വ്യക്തിയിൽ നിന്നു സമൂഹത്തിലേക്ക് അതു പടരുകയാണ്.

സഭയിൽ നിന്നും വ്യത്യസ്തമാണ് സമൂഹം. സഭ ഒരേ വിശ്വാസ കൂട്ടുകെട്ടിലായിരിക്കുമ്പോൾ സമൂഹം വിവിധ വിശ്വാസ സംഹിതകളുള്ള ഒരു വലിയ സംഘമാണ്. എല്ലാവരും ദൈവസൃഷ്ടികളായാൽ എല്ലാവരും ഒരുപോലെ നശിച്ചുകാണുവാൻ പിശാച് ആഗ്രഹിക്കുന്നു. മറിച്ച്, കാണാതെ പോയതിനെ തേടിവന്നവനാണ് കർത്താവ്. അവിടുന്ന് യഹൂദനെയും യവനനെയും സകല ജാതികളെയും ഒരുപോലെ കൂട്ടിച്ചേർക്കുവാനാഗ്രഹിക്കുന്നു. നിനെവേ, യഹൂദ ജാതിയെ ഏറ്റവും കഷ്ടപ്പെടുത്തിയ ഒരു രാജ്യമായിരുന്നു. യോനാ തന്റെ വൈരാഗ്യബുദ്ധിയിൽ ആ ജനം മുഴുവൻ നശിക്കുന്നത് കാണുവാനാഗ്രഹിച്ചിരുന്നുവെങ്കിലും യഹോവ അവർക്കും അനുതാപത്തിന്റെ വഴി തുറന്നു കൊടുത്തു. സമൂഹത്തെ അതിന്റെ വിവിധ മുഖങ്ങളോടുകൂടെ നശിപ്പിക്കുവാനാണ് പിശാചിന്റെ പദ്ധതി. സമൂഹത്തിന്റെ നാശത്തിന് അവൻ കളമൊരുക്കുന്നത് എങ്ങനെയെന്നു പറയുവാൻ കഴിയുകയില്ല. അതിനാൽ നാം ജാഗ്രതയോടിരിക്കേണ്ടതാണ്. യുദ്ധം ചെയ്യുമ്പോൾ എപ്പോഴും ശ്രദ്ധിക്കേണ്ടതായ ഒരു കാര്യം, ശത്രു വ്യവഹരിക്കുന്ന സ്ഥലം കൃത്യമായി അറിഞ്ഞു യുദ്ധം ചെയ്യണം എന്നതാണ്. എങ്കിൽ മാത്രമേ യുദ്ധം ചെയ്യുന്നതുകൊണ്ട് പ്രയോജനമുള്ളൂ. ഒരു സ്ഥലത്തു യുദ്ധം നടക്കുമ്പോൾ മറ്റൊരു സ്ഥലത്തു പോയി വെടിവെപ്പ് നടത്തിയാൽ അതുകൊണ്ട് പ്രയോജമില്ല. ഉദാഹരണത്തിന് പൂഞ്ചിൽ യുദ്ധം നടക്കുമ്പോൾ ലഡാക്കിൽ പോയി വെടിവെച്ചാൽ എന്തു പ്രയോജനം? മർമ്മപ്രധാനമായ സ്ഥാനത്തു തന്നെ ആയുധം പ്രയോഗിക്കുവാൻ അറിഞ്ഞിരിക്കണം. വെറുതെ വെടിയുതിർക്കുന്നതുകൊണ്ട് പ്രയോജനമില്ലല്ലോ.

നമ്മുടെ ജീവിതത്തിലും സംഘട്ടനം നടക്കുന്ന പ്രധാന സ്ഥലങ്ങൾ നമ്മൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാകുന്നു. അപ്പൊസ്തലനായ പൗലൊസ് 2 കൊരി. 10:5 ൽ പറയുന്നത് ശ്രദ്ധിക്കുക:

അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന് വിപരീതമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ് ഏതു വിചാരത്തേയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കി...

ഈ വാക്യത്തിൽ പ്രധാനമായും മൂന്നു യുദ്ധസ്ഥലങ്ങളെയാണ് ദൈനംദിന ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്നതായി പറഞ്ഞിരിക്കുന്നത്:

1) സങ്കല്പങ്ങൾ 2) വിചാരങ്ങൾ 3) ദൈവപരിജ്ഞാനത്തിന് വിപരീതമായി പൊങ്ങുന്ന ഉയർച്ചകൾ.

(തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




*“പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ, നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും...” (മത്തായി 6:19–34)*

ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം സ്വത്തു സമ്പാദിക്കുന്നതിനെതിരെ കർത്താവിന്റെ മുന്നറിയിപ്പ്. ഭൂമിയിലെ നിക്ഷേപത്തിന് മുൻകരുതലെടുക്കുന്നവർ തങ്ങളുടെ ഭക്തിയെ വിഭജിക്കുകയും, ദൈവം നൽകുമെന്ന വിശ്വാസം അവരിൽ ഇല്ലാതിരിക്കുകയും ചെയ്യുമെന്നതാണ് വിഷയത്തിന്റെ കാതൽ.

“നിക്ഷേപം” എന്നത് ഗ്രീക്ക് നാമമായ തെസൈരോസുമായി ബന്ധപ്പെട്ടിരിക്കുന്നു. അർത്ഥം “ട്രെഷേഴ്സ്” എന്നാണ്. ആ വാക്യത്തിലെ ആദ്യത്തെ വരി ഇങ്ങനെ തർജിമ ചെയ്യാം: ‘നിങ്ങൾക്കായി നിക്ഷേപം സ്വരൂപിക്കരുത്.’

“നിക്ഷേപം” എന്നതിന്റെ ഭൗതികവും താൽക്കാലികവുമായ അവസ്ഥയെയാണ് ഭൂമിയിൽ എന്ന പ്രയോഗം അർത്ഥമാക്കുന്നത്. ഒരു മനുഷ്യന് ഭൗതികമായ സമ്പാദ്യമല്ലാതെ മറ്റൊന്നും ജീവിതത്തിൽ കാണിക്കുവാനില്ലെങ്കിൽ, അയാൾ തീർച്ചയായും ദരിദ്രനാണ്. തന്റെ സ്വാർത്ഥമായ ഉപയോഗത്തിനായി ഭൗതികമായ വസ്തുവകകൾ സമ്പാദിക്കുന്നതും, അല്ലെങ്കിൽ നിശ്ചയമില്ലാത്ത ധനത്തിൽ ആശ്രയം വെക്കുന്നതും പാപമാകുന്നു (1 തിമൊ.6:17–19; മർക്കൊ.10:17–24; ലൂക്കൊ. 12:15, 18:24).

യേശുവിന്റെ കാലത്ത് ഒരു വ്യക്തിയുടെ സ്വത്ത് കണക്കാക്കിയിരുന്നത്, വസ്ത്രം, ലോഹം തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ്. ആ വിലപിടിപ്പുള്ള വസ്ത്രം പെട്ടെന്നു “പുഴു” നശിപ്പിക്കും. “തുരുമ്പ്” എന്നത് ഗ്രീക്കിൽ ബ്രോസിസ് എന്നാണ്, അർത്ഥം “തിന്നുന്നവൻ” എന്നാണ്. വിലയേറിയ ലോഹങ്ങൾ “തുരുമ്പ്” തിന്നുകളയും (യാക്കൊ. 5:2,3).

ഭൗമികമായ സ്വത്ത് കള്ളന്മാർ തുരന്നു മോഷ്ടിക്കും എന്നു യേശു കൂട്ടിച്ചേർത്തിരിക്കുന്നു. ഡയോരുസോ എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് “തുരക്കുക” എന്നത്. അക്ഷരികമായ അർത്ഥം, “കുഴിച്ച് കടക്കുക” എന്നാണ്. മൺകട്ടകൾകൊണ്ടുണ്ടാക്കിയ ചുമരുകൾ തുരന്നാണ് കള്ളന്മാർ വീടിനുള്ളിൽ കടന്നിരുന്നത് (ഇയ്യോ.24:16). എല്ലാ ഭൗതികമായ സമ്പാദ്യങ്ങളും താൽക്കാലികവും, നഷ്ടപ്പെടാവുന്നതും, ഇല്ലാതാകുന്നതുമാണെന്നാണ് കർത്താവ് പറഞ്ഞത്. നശിക്കുന്നതും ഇല്ലാതാകുന്നതുമായ വസ്തുക്കളിൽ പ്രത്യാശവെക്കുന്നതിന്റെ മൗഢ്യത്തെ ആണ് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്.

വാക്യം 20. അക്കാരണങ്ങളാൽ സ്വർഗത്തിൽ നിക്ഷേപം... സ്വരൂപിക്കുന്നതാണ് നല്ലത്. “സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്കുക” എന്നാൽ ഈ ലോകത്തിലെ വസ്തുവകകളേക്കാൾ ആത്മിയ കാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്ത് ദൈവത്തെയും അവന്റെ പുത്രനായ ക്രിസ്തുവിനെയും സ്നേഹിക്കുക എന്നാണ് അർത്ഥം (ലൂക്കൊ. 14:26–33; കൊലൊ. 3:1, 2). അതായത് ഒരാൾക്ക് ലഭിച്ചിരിക്കുന്ന ഭൗതികമായ അനുഗ്രഹങ്ങൾ തിരഞ്ഞെടുത്ത് ഉപയോഗിക്കേണ്ടത് ദൈവത്തെ മഹത്വപ്പെടുത്തുവാനും അവന്റെ രാജ്യത്തിന്റെ വ്യാപ്തിക്കുമായിരിക്കണം. മറ്റുള്ളവരോട് സുവിശേഷം അറിയിക്കുവാനും ആവശ്യമുള്ളവരെ സഹായിക്കുവാനുമാണ് ദൈവം ആഗ്രഹിക്കുന്നത്. സ്വത്തു സമ്പാദിച്ചിരുന്ന ധനികനായ യുവാവിനോട്, യേശു പറഞ്ഞു, “നീ സൽഗുണപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്ക് കൊടുക്ക; എന്നാൽ സ്വർഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക” (19:21). പൗലൊസ് ഇത് നിർവ്വചിച്ചു: “സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്ക” എന്നത് “സൽപ്രവൃത്തികളിൽ സമ്പന്നരാകുകയും” “ഔദാര്യമുള്ളവരാകുകയും” ചെയ്യുകയാണ് (1 തിമൊ. 6:18, 19).

നിക്ഷേപം സ്വരൂപിക്കലിന്റെ വേരുകൾ നമുക്ക് യെഹൂദമതത്തിൽ കാണാം. കൽപനകളനുസരിച്ച് സഹായിക്കുകയും, ആവശ്യങ്ങളുമായി വരുന്നവരെ വെറുംകൈയ്യോടെ അയക്കുകയുമരുത്. വെള്ളി ശേഖരിച്ച് നഷ്ടപ്പെടുത്താതെ ഒരു സഹോദരനോ, സ്നേഹിതനോ വേണ്ടി നിങ്ങളുടെ വെള്ളി നഷ്ടമാക്കുക. അത്യുന്നതനായ ദൈവത്തിന്റെ കൽപനകളുനസരിച്ച് നിക്ഷേപം സ്വരൂപിച്ചാൽ, അത് പൊന്നിനേക്കാൾ ഉപകാരപ്പെടും.

താൽമൂദ് പറയുന്നു, “കയ്യെത്താവുന്ന ദൂരത്തിലായിരുന്നു എന്റെ പിതാക്കന്മാർ നിക്ഷേപിച്ചിരുന്നത്, പക്ഷെ ഞാൻ നിക്ഷേപിച്ചിരിക്കുന്നത് കയ്യെത്താ ദൂരത്താണ്... എന്റെ പിതാക്കന്മാർ നിക്ഷേപിച്ചത് ഈ ലോകത്തിനു വേണ്ടിയായിരുന്നു, എന്നാൽ ഞാനോ ഭാവിലോകത്തിനു വേണ്ടിയാണ്.

വാക്യം 21. നിത്യമായ കാഴ്ചപ്പാടോടെ ഭാവിലോകത്തിനുവേണ്ടി ആയിരിക്കണം നമ്മുടെ നിക്ഷേപം – യേശു ആ വിഷയം അവസാനിപ്പിക്കുന്നില്ല: “നിങ്ങളുടെ നിക്ഷേപം ഉള്ളേടത്ത് നിങ്ങളുടെ ഹൃദയവും ഇരിക്കും.” വ്യക്തിത്വത്തിന്റെ കേന്ദ്രസ്ഥാനമാണ് “ഹൃദയം” (കാർഡിയ). ഒരാൾ ഭൂമിയിൽ തനിക്കുവേണ്ടി തന്റെ നിക്ഷേപം സ്വരൂപിച്ചാൽ, അയാളുടെ ഹൃദയം അവിടെയായിരിക്കും. അയാൾ ഹ്രസ്വദൃഷ്ടിയുള്ളവനും, ലോകമനസുള്ളവനുമായിരിക്കും. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി, ഒരാൾ സ്വർഗത്തിൽ “നിക്ഷേപം” സ്വരൂപിച്ചാൽ, അയാളുടെ ഹൃദയം അവിടെയായിരിക്കും. അയാൾ ക്രിസ്തുവിനേയും അവിടുത്തെ രാജ്യത്തേയും ആദ്യം അന്വേഷിക്കും, അയാളുടെ സ്വത്തുകൊണ്ട് മറ്റുള്ളവരെ സേവിക്കും. അങ്ങനെ അയാൾ ഈ ലോകത്തിൽ സമൃദ്ധമായ സന്തോഷവും സ്വർഗത്തിൽ ദൈവത്തോടുകൂടി നിത്യജീവനും പ്രാപിക്കും.

“രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്ക് മാമോനേയും ദൈവത്തെയും സ്നേഹിപ്പാൻ കഴികയില്ല.”

വാക്യം 24. “യജമാനൻ എന്നതിനുള്ള ഗ്രീക്ക് വാക്ക് (കുരിയോസ്), പലപ്പോഴും, തർജിമ ചെയ്തിരിക്കുന്നത് “കർത്താവ്” എന്നാണ്. അത് പ്രതിഫലിപ്പിക്കുന്നത്, നായകത്വം, ഉടമസ്ഥാവകാശം, ഉയർന്ന സ്ഥാനം, അധികാരം എന്നിവയാണ്. ഈ സന്ദർഭത്തിൽ, ദാസന്മാരെ സ്വായത്തമാക്കിയ ആൾ എന്നാണ് അർത്ഥം. ഒരു അടിമയുടെ ജീവിതത്തിലെ എല്ലാ വശവും ഒന്നാം നൂറ്റാണ്ടിൽ യജമാനനു അടിയറവ് വെച്ചിരിക്കും. മറ്റാർക്കും കൊടുക്കുവാൻ തന്റെ കൈവശം ഒന്നുമില്ലാത്തവണ്ണം ദാസൻ യജമാനന് സർവ്വവും കീഴ്പ്പെടുത്തി കൊടുത്തിരുന്നു.

“രണ്ടു യജമാനന്മാർ” ചേർന്ന് ഒരു ദാസനെ വാങ്ങുന്നത് സാധാരണ സംഭവമായിരുന്നു (ഉല്പ. 37:28; അ.പ്ര. 16:16,19). എങ്ങനെയായാലും, വിവിധ താൽപര്യങ്ങളുള്ള രണ്ടു യജമാനന്മാരെ ഒരു ദാസനു സേവിക്കുവാൻ പ്രയാസമായിരിക്കും. ഒരു സമയത്ത് ഒരാളെ മാത്രമെ സ്നേഹിക്കുവാൻ കഴിയുകയുള്ളു. ഈ സന്ദർഭത്തിൽ, പകെക്കുക എന്നതിന്റെ അർത്ഥം “കുറഞ്ഞു സ്നേഹിക്കുക” എന്നാണ് (ഉല്പ. 29:31–33; ആവ. 21:15).

യേശു ചുരുക്കമായി പറഞ്ഞു, “നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല.” “സ്വത്ത്” എന്നതിനു പകരം കെ.ജെ.വിയിൽ “മാമോൻ” എന്നാണ്. ഇത് ‘മാമോനാസ്’ ലിപി മാറ്റി പറഞ്ഞതാണ്. മാമോൻ എന്ന വാക്ക് അരാമ്യയിൽനിന്നു വന്നതാണ്. പുതിയനിയമത്തിൽ ആ വാക്ക് ലൂക്കോസ് 16:9, 11, 13–ൽ മാത്രമാണുള്ളത്. “മാമോൻ” അല്ലെങ്കിൽ “സ്വത്ത് –സമ്പത്ത്” ഇവിടെ യജമാനനായിട്ടാണ് പറഞ്ഞിരിക്കുന്നത്.

പൂർണ്ണ ഹൃദയത്തോടെ ദൈവത്തിൽ സമർപ്പിക്കപ്പെട്ട ഒരാൾ സമ്പത്തിന് അടിമയാകുകയില്ല. പകരം, അയാൾ മറ്റുള്ളവർ ക്രിസ്തുവിനെ അറിയുവാൻ സഹായിക്കുകയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്യും. തന്റെ ജീവിതത്തിൽ ദൈവരാജ്യത്തിനു പ്രഥമ സ്ഥാനം കൊടുക്കുമ്പോൾ, ദൈവം എല്ലാം നോക്കിക്കൊള്ളും എന്ന വിശ്വാസം ആ വ്യക്തിക്ക് ഉണ്ടാകും (6:25–34).

വിചാരപ്പെടുന്നതിനെതിരായി യേശു (6:25) പ്രകൃതിയിലെ ഒരു തത്വമെടുത്തു ചിത്രീകരിക്കുന്നു, “പക്ഷികൾ” (6:26, 27) “പുഷ്പങ്ങൾ” (6:28–30) എന്നിവ എടുത്തു കാണിച്ചിരിക്കുന്നു. വിചാരപ്പെടുന്നത് മതിയാക്കി ദൈവരാജ്യം പിന്തുടരുവാനായിരുന്നു തന്റെ ശിഷ്യന്മാരെ യേശു പ്രബോധിപ്പിച്ചത് (6:31–34).

വാക്യം 25. “അക്കാരണങ്ങളാൽ” എന്നു പറഞ്ഞത്, അവൻ മുൻപ് പറഞ്ഞതായ കാരണങ്ങൾ നിമിത്തം എന്നർത്ഥം. ഒരാൾ ദൈവത്തെ യജമാനനായി സേവിക്കുകയാണെങ്കിൽ അയാൾക്ക് വിചാരപ്പെടേണ്ട ആവശ്യമില്ല; കാരണം അയാൾക്ക് ആവശ്യമുള്ളത് ദൈവം നൽകും. “വിചാരം” എന്ന ഗ്രീക്ക് വാക്കിന്റെ (മെരിംനാവോ), അർത്ഥം, “ഉൽക്കണ്ഠപ്പെടുക” അല്ലെങ്കിൽ, “അമിതമായി ആകുലപ്പെടുക” എന്നാണ്. വിചാരപ്പെടുമ്പോൾ, ഒരാൾക്ക് തന്റെ ജയമാനനെ സേവിക്കുവാനുള്ള ഊർജ്ജം വരണ്ടുപോകും. പൗലൊസ് എഴുതി, “ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും, അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്” (ഫിലി. 4:6; 1 പത്രോ. 5:7).

ഇവിടെ ദൈവം ആകാശത്തിലെ പക്ഷികൾക്ക് ആഹാരം കൊടുക്കുന്നു എന്ന ഉറപ്പാണ് യേശു നൽകിയത്. മനുഷ്യരിൽ നിന്നു വ്യത്യസ്തമായി, അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടി വെക്കുന്നില്ല. ആ പ്രസ്താവനയിൽനിന്നും പക്ഷികൾ ആഹാരത്തിനായി ഒന്നും ചെയ്യുന്നില്ലായെന്നു ധരിക്കരുത്. അവ പ്രഭാതത്തിൽ തന്നെ ഭക്ഷണം തേടിയിറങ്ങുന്നു. അപ്പോഴും അവ കഴിക്കുന്ന ആഹാരം ഉൽപാദിപ്പിക്കുവാൻ ഒന്നും ചെയ്യുന്നില്ല; ദൈവമാണ് അത് അവയ്ക്ക് നൽകുന്നത്. ദൈവം ഒരുക്കിയിരിക്കുന്ന ആഹാരം കണ്ടെത്തുവാൻ അവ പരിശ്രമിക്കുന്നു എന്നു മാത്രം. അപ്രധാനമായ പക്ഷികൾക്ക് ദൈവം ആഹാരം കൊടുക്കുമെങ്കിൽ, തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യർക്ക് ദൈവം തീർച്ചയായും ആഹാരം നൽകും (ഉല്പ. 1:27). നിശ്ചയമായും, മനുഷ്യർ പക്ഷികളേക്കാൾ വിലയുള്ളവരാണ് (സങ്കീ. 8:3–8).

വാക്യം 27. വിചാരപ്പെടുന്നതിന്റെ മൗഢ്യം മനസിലാക്കുവാനായി യേശു ചോദിച്ചു, “വിചാരപ്പെടുന്നതിനാൽ, തന്റെ നീളത്തോട് ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്ക് കഴിയും?” ആ അലങ്കാരശാസ്ത്ര ചോദ്യത്തിനുള്ള ഉത്തരം, “ആർക്കും കഴിയുകയില്ല” എന്നാണ്.

“അൽപവിശ്വാസികളേ” എന്ന പ്രയോഗം മത്തായിയുടെ പുസ്തകത്തിൽ പല പ്രാവശ്യം കാണാം (8:26; 14:31; 16:8; 17:20). താൽമൂദ് പറയുന്നു, “ആരുടെയെങ്കിലും കുട്ടയിൽ ഒരു കഷണം അപ്പം ഉണ്ടായിട്ട്, ഞാൻ നാളെ എന്തു തിന്നും? എന്നു പറയുന്നവനാണ് അൽപവിശ്വാസി.”

വാക്യങ്ങൾ 31, 32. എന്തു തിന്നും, എന്തു കുടിക്കും, എന്തുടുക്കും എന്നു വിചാരപ്പെടരുത് എന്ന് പറഞ്ഞത് ഇവിടെ ആവർത്തിച്ചിരിക്കുകയാണ് (6:25 നോക്കുക). ജീവിതത്തിൽ നമുക്ക് പല ആവശ്യങ്ങളുണ്ടെന്ന് ദൈവത്തിന് അറിയാം. അതുകൊണ്ട്, നമ്മുടെ ഭാഗത്തുനിന്നും ചെയ്യേണ്ടത് നാം ചെയ്യുമ്പോൾ, അവൻ നമുക്ക് അവ നൽകും. നാം വിചാരപ്പെടുന്നതിനാൽ നമുക്ക് ഒന്നും ലഭിക്കുകയില്ല. നമുക്ക് നമ്മുടെ ജീവിതകാലയളവ് കൂട്ടുവാനും കഴിയുകയില്ല. നമുക്ക് കഴിക്കുവാൻ ആഹാരവും, ധരിക്കുവാൻ വസ്ത്രവും, തല ചായ്ക്കുവാൻ ഒരിടവുമുണ്ടെങ്കിൽ പിന്നെ എന്തു വേണം? വിചാരം നമുക്ക് ഒരു ഗുണവും ചെയ്കയില്ല. പൗലൊസ് എഴുതി, ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല, ഇവിടെനിന്നും യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ അതു മതി എന്നു വിചാരിക്ക” (1 തിമൊ. 6:6–8).

ഈ വക കാര്യങ്ങളെല്ലാം ജാതികൾ അന്വേഷിക്കുന്നു എന്നാണ് യേശു പറഞ്ഞത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ജാതികളെപോലെ, ആഹാരം, പാനിയം, വസ്ത്രം എന്നിവയ്ക്കായി ബദ്ധപ്പെട്ടുകൊണ്ടിരിക്കുകയാണെങ്കിൽ, നാം ദൈവത്തെ അറിയാത്തവരെ പോലെ ആകും (എഫെ. 2:11,12 നോക്കുക).

വാക്യം 33. ഭൗതികമായ ആവശ്യങ്ങൾ അന്വേഷിക്കുന്നതിനു പകരം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവാനായിരുന്നു യേശു പറഞ്ഞത്. “രാജ്യം” എന്ന വാക്കും (ഹാസിലേയിയാ), “നീതി” എന്ന വാക്കും (ഡിക്കായിയോസുനേ) ഗിരിപ്രഭാഷണത്തിൽ അടിക്കടി കാണാം (5:3, 6, 10, 19, 20; 6:1, 10, 13, 33; 7:21).

☞ 6

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വസ്ത്രവും നഗ്നതയുടെ ആഘോഷവും

ശരീരത്തിന്റെ പദവി നിശ്ചയിക്കാൻ കഴിയുന്നു എന്നതാണ് വസ്ത്രത്തിന്റെ ഒരു പ്രത്യേകത. വസ്ത്രധാരണത്തിലൂടെ മനുഷ്യവർഗ്ഗം മുന്നേറുമ്പോൾ ഒരു വ്യക്തിയെ പ്രതിനിധീകരിക്കാൻ അയാളുടെ വസ്ത്രം മതി എന്ന നിലയായിരുന്നു പണ്ട് ഉണ്ടായിരുന്നത്. പ്രഭുവനെ പ്രതിനിധീകരിക്കാൻ അയാളുടെ കോട്ടും സ്യൂട്ടും മതി എന്നതായിരുന്നു പഴയ ഒരു സങ്കല്പം. എന്നാൽ പിന്നീട് ജനാധിപത്യശയങ്ങൾ മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും പ്രസരിക്കാൻ തുടങ്ങിയതോടെ വസ്ത്രത്തിന്റെ കാര്യത്തിലുള്ള അസമത്വം കുറെയൊക്കെ പരിഹരിക്കപ്പെട്ടു.

എല്ലാവരും ഉപയോഗിക്കുന്ന വസ്തുക്കൾ ഉപേക്ഷിക്കുകയെന്നതും പ്രഭുത്വത്തിന്റെ അടയാളമായി വരുന്നുണ്ട്. അധഃകൃതവർഗ്ഗക്കാർ വസ്ത്രമുടുക്കാൻ തുടങ്ങിയതോടെ സ്വന്തം പ്രഭുത്വം പ്രകടിപ്പിക്കാൻ വഴിയില്ലാതായ ഒരു നമ്പൂതിരി കോണകം മാത്രമുടുത്ത് അരനാഴിക അകലെയുള്ള അമ്പലക്കുളത്തിലേക്ക് കുളിക്കാൻ പോയിരുന്നു എന്നത് ഒരു ചരിത്രമാണ്. ഒരാളുടെ ശരീരത്തിന്റെ നഗ്നത കണ്ടുപിടിക്കാൻ കാഴ്ചക്കാരെ അനുവദിക്കുന്നത് അയാൾതന്നെയാണ്. എപ്പോഴും ആകാരവടിവിനൊത്ത് വസ്ത്രം ധരിച്ചു നടക്കുന്നയാൾക്ക് സൃഷ്ടിക്കാൻ കഴിയുന്ന നഗ്നതയുടെ അനുഭവം വളരെ വലുതായിരിക്കും.



വ്യക്തിയെ പ്രതിനിധീകരിക്കാൻ അയാളുടെ വസ്ത്രം മതി എന്ന നിലയോട് കലഹിച്ചാണ് പണ്ട് ബർണാഡ്ഷാ അൽപനായ ഒരു പ്രഭുവിന്റെ വിരുന്നു സൽക്കാരത്തിന് തനിക്കു പകരം തന്റെ കോട്ടും ഹാറ്റും കൊടുത്തയച്ചത്.

വസ്ത്രം നിശ്ചയിക്കുന്ന പദവി പല നിലകളിൽ ആളുകൾക്കുള്ളിൽ ഒരഭ്യസന (learning)മായി ഉറയ്ക്കുന്നുണ്ട്. പോലീസുകാരൻ എന്ന വ്യക്തിയെയല്ല, അയാളുടെ വസ്ത്രത്തിലൂടെ പ്രകടിതമാവുന്ന അധികാരത്തെയാണ് ആളുകൾ ഭയക്കുകയോ അനുസരിക്കുകയോ ചെയ്യുന്നത്.

വസ്ത്രത്തിന്റെ പ്രാഥമിക പ്രയോജനം നഗ്നത മറയ്ക്കുകയും തണുപ്പിൽ നിന്നും പൊടിപടലങ്ങളിൽ നിന്നും ശരീരത്തെ രക്ഷിക്കുകയെന്നതുമാണെന്ന് പറയാറുണ്ട്. എന്നാൽ വസ്ത്രത്തിലൂടെ മനുഷ്യചരിത്രം മുന്നേറിയതോടെ വസ്ത്രത്തിന് ശരീരത്തിനു മുകളിൽ സ്വതന്ത്രമായ ഒരു നില കൈവന്നിട്ടുണ്ട്. ശരീരത്തെ നിർണ്ണയിക്കാൻ വസ്ത്രത്തിനു കഴിയുന്നു എന്നിടത്താണ് ഇതെത്തിയിട്ടുള്ളത്. ഇനി തണുപ്പിൽനിന്നു രക്ഷപ്പെടുകയെന്ന ലക്ഷ്യമാണ് വസ്ത്രത്തിനുള്ളത് എന്ന അഭിപ്രായം തന്നെ പരിശോധിച്ചാൽ സത്യം മറ്റൊരു തരത്തിലാണെന്നു മനസ്സിലാവും. അന്തരീക്ഷത്തിലെ ഏതൊരു മാറ്റവും കാലാവസ്ഥാമാറ്റവും നിത്യപരിചയംകൊണ്ട് ശരീരത്തിനനുകൂലമാക്കി മാറ്റാം. ഹിമാലയത്തിലേക്കു പോകുന്ന സഞ്ചാരികൾ വസ്ത്രങ്ങളുടെ ഒരു സമാഹാരം തന്നെ ധരിച്ച് നടക്കുമ്പോഴാണ് അവിടെ ജീവിക്കുന്ന സാധാരണ മനുഷ്യരും സന്ന്യാസിമാരുമെല്ലാം അർദ്ധനഗ്നരും പൂർണ്ണ നഗ്നരുമായി നടക്കുന്നത്.

തണുപ്പിനെ നിത്യപരിചയംകൊണ്ട് ഒരു വസ്ത്രം തന്നെയാക്കി മാറ്റാം. മനസ്സിനെ ശരീരത്തിനു മുകളിൽ വ്യാപരിപ്പിച്ചും വസ്ത്രം തന്നെയാക്കി മാറ്റാം. മനസ്സിനെ ശരീരത്തിന്റെ വസ്ത്രമാവാൻ ശീലിപ്പിക്കുകയെന്നത് ഏകാന്തധ്യാനത്തിന്റെ പല ലക്ഷ്യങ്ങളിൽ ഒന്നാണ്. ശരീരത്തെ പരീക്ഷിക്കുകയെന്നതാണല്ലോ സന്ന്യാസത്തിന്റെ ആദ്യപടി. ഫുൾ സ്യൂട്ടിൽ ഹിമാലയത്തിൽ തപസ്സിരിക്കുന്ന ഒരാൾ സർറിയലിസ്റ്റ് ഭാവന മാത്രമായിരിക്കും.

വസ്ത്രമില്ലായ്മയിൽനിന്നു തുടങ്ങിയ മനുഷ്യൻ വസ്ത്രം ധരിച്ചുകൊണ്ടുതന്നെ പലതരത്തിൽ നഗ്നതയെ ആഘോഷിക്കുന്നുണ്ട്. വസ്ത്രത്തിലൂടെ പലതരത്തിൽ തുടരുന്നതും നഗ്നതയുടെ ചരിത്രം തന്നെയാണ്. ശരീരാകൃതി (body shape) യിൽ തുന്നുന്ന വസ്ത്രം നോക്കിയാൽ ഇതു മനസ്സിലാവും. വസ്ത്രം കൊണ്ട് സൃഷ്ടിച്ചെടുക്കാൻ കഴിയുന്ന നഗ്നതയിലാണ് വസ്ത്രവിപണിയുടെയും ശ്രദ്ധ.

നഗ്നരായി നടക്കുന്ന ആദിവാസികൾക്കിടയിൽ ലൈംഗിക കുറ്റകൃത്യങ്ങൾ വളരെക്കുറവാണ്. കാരണം, അവർക്ക് ശരീരം ഒരു നിഗൂഢതയല്ല. എതിർലിംഗത്തിൽപ്പെട്ട വ്യക്തിയുടെ ശരീരം അതിരുകവിഞ്ഞ ആകാംക്ഷയോ ക്ഷോഭമോ ഉണ്ടാക്കാത്ത മാനസികാവസ്ഥയുള്ള ചില ജനവർഗ്ഗങ്ങളുണ്ട്. ക്യൂറിയു (cureu) എഴുതിയ 'മധ്യാഫ്രിക്കയിലെ കാട്ടുമനുഷ്യൻ' (savage man in central africa) എന്ന പുസ്തകത്തിൽ ഇത്തരം മനുഷ്യരെക്കുറിച്ച് പറയുന്നുണ്ട്. ഇവർ ഏറെക്കുറെ നഗ്നരായി നടക്കുന്നവരാണ്. ഇവർക്കിടയിൽ ലൈംഗിക കുറ്റകൃത്യങ്ങൾ വളരെ കുറവാണ്. (തുടരും)

---




☞ 5

"അവന്റെ രാജ്യം" എന്നു പറയുന്നത് ദൈവത്തിന്റെ വാഴ്ച്ച അല്ലെങ്കിൽ ആധിപത്യം ആണ്, അത് ക്രിസ്തുവിന്റെ സഭ എന്ന രൂപത്തിൽ സ്ഥാപിച്ചിരിക്കുന്നു (6:10). പിന്നീട് മത്തായിയുടെ പുസ്തകത്തിൽ, "രാജ്യം" (ഹാസിലേയിയാ), "സഭ" (എക്ലേസിയ) മാറി മാറി ഉപയോഗിച്ചിരിക്കുന്നു (16:18,19). "അവന്റെ നീതി" എന്നു പറയുന്നത് ദൈവത്തിന്റെ ജീവിത നിലവാരമാണ്, അതിന് അവന്റെ കൽപനകൾ ഹൃദയപൂർവ്വം അനുസരിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ കാലത്ത് ദൈവത്തിന്റെ നീതിയുള്ള ചട്ടങ്ങൾ മോശെയുടെ ന്യായപ്രമാണം മുഖാന്തരം വെളിപ്പെടുത്തിയിരുന്നു. എങ്ങനെയായാലും, ക്രിസ്തു വന്നതു ഒരു പുതിയ നിയമം സ്ഥാപിക്കുവാനായിരുന്നു. ഈ നിയമത്തിന്റെ കീഴിൽ വരുന്നവർ ഏതാനും ചിലതുമാത്രം തിരഞ്ഞെടുക്കാതെ അവന്റെ കൽപനകളെല്ലാം സ്വീകരിക്കണം.

തന്നെ ആളുകൾ "അന്വേഷിക്കണം" എന്നു ദൈവം ആഗ്രഹിക്കുന്നു (അ.പ്ര. 17:26 27; എബ്രാ. 11:6). "അന്വേഷിക്കുക" എന്നതിനുള്ള ഗ്രീക്ക് വാക്ക് (സീറ്റിയോ) പുതിയ നിയമത്തിൽ ധാരാളം പ്രാവശ്യം കാണുന്നുണ്ട്. ഇവിടെ അത് ആജ്ഞാരൂപത്തിൽ തുടർച്ചയായി അന്വേഷിച്ചുകൊണ്ടിരിക്കണം എന്നാണ് അർത്ഥമാക്കുന്നത്, അല്ലാതെ ഒരിക്കൽ മാത്രമുള്ള അന്വേഷണമല്ല. "ദൈവത്തിന്റെ രാജ്യവും നീതിയും" അന്വേഷിക്കുക എന്നതായിരിക്കണം ഒരാളുടെ ജീവിതത്തിലെ മുൻഗണന. ഫലം, പൗലൊസ് പറഞ്ഞതായിരിക്കും, "നീതിയും സമാധാനവും, പരിശുദ്ധാത്മാവിലുള്ള സന്തോഷവും" (റോമർ 14:17). ദൈവത്തിന്റെ രാജ്യവും നീതിയും ആദ്യം അന്വേഷിച്ചുകഴിഞ്ഞാൽ അർത്ഥശൂന്യമായ വിചാരവും, ആധിയും നീങ്ങിപ്പോകും. ദൈവമക്കൾ അങ്ങനെ ചെയ്താൽ, അവ എല്ലാം (ജീവിതത്തിലെ ആവശ്യങ്ങൾ) നമുക്ക് ലഭിക്കുമെന്ന് കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നു (ഫിലി. 4:11-13 നോക്കുക).

വാക്യം 34. യേശു അവസാനിപ്പിച്ചു, "അതുകൊണ്ട്, നാളെക്കായി വിചാരപ്പെടരുത്."

ഭാവിയെക്കുറിച്ചുള്ള വിചാരം ഒരാളുടെ വർത്താമാനകാല ക്രിയാത്മകതയെ ബാധിക്കയും അയാളുടെ ആയുഷ്ക്കാലം കുറയ്ക്കുകയും ചെയ്യും. അപ്പൊക്രിഫയിലെ സിരാഖ് പുസ്തകം പറയുന്നത്, "വിചാരം ഒരാളെ അകാലവാർദ്ധക്യത്തിലേക്കു നയിക്കും" എന്നാണ്. കൂടാതെ ആളുകൾ ഉൽക്കണ്ഠപ്പെടുന്ന പല കാര്യങ്ങളും അങ്ങനെ സംഭവിക്കയില്ല; ജീവിതത്തിലെ സാഹചര്യങ്ങൾ നിരന്തരം മാറിക്കൊണ്ടിരിക്കും (സദൃ. 27:1; യാക്കൊ. 4:13-17). തൽമൂദ് പറയുന്നു, "നാളെ വരുവാനിടയുള്ള കുഴപ്പങ്ങളെ കുറിച്ച് ചിന്തിച്ച് അസ്വസ്ഥമാകുന്നവരേ, നാളെ എന്തെല്ലാം വരുമെന്ന് നിങ്ങൾ അറിയുന്നില്ലല്ലൊ. അങ്ങനെ അയാൾ തന്റേതല്ലാത്ത ലോകത്തിൽ ദുഃഖിക്കുവാനിടവരും."

ഇംഗ്ലീഷ് വാക്ക് "വറി" എന്നത് ജെർമൻ വാക്കിൽനിന്ന് ഉടലെടുത്തതാണ്. അർത്ഥം "ഞെക്കി കൊല്ലുക" എന്നാണ്. അതാണ് "വിചാരം" ചെയ്യുന്നത്: അത് ജീവിതത്തിൽ നിന്നും സുഖം എടുത്തുമാറ്റി ജീവിതത്തെ സങ്കീർണ്ണമാക്കുന്നു. വിചാരങ്ങൾ നിമിത്തം, പലരും തങ്ങളുടെ നഖം കടിക്കയും, അല്ലെങ്കിൽ രാത്രികളിൽ ഉറങ്ങുവാൻ കഴിയാതാവുകയും ചെയ്യുന്നു. ചിലർ തൽഫലമായി സിഗററ്റിനും, മയക്കുമരുന്നിനും, മദ്യത്തിനും അടിമയായി തീരുന്നു. നമ്മുടെ സമൃദ്ധമായ ജീവൻ കവർന്നു കളയുന്നതാണ് വിചാരം.

വിചാരപ്പെടുന്നതിനാൽ ആരോഗ്യപരമായ പല പ്രശ്നങ്ങളും ഉണ്ടാകുന്നു എന്നാണ് പഠനങ്ങൾ തെളിയിച്ചിരിക്കുന്നത്. പ്രശസ്ത വൈദ്യശാസ്ത്ര വിദഗ്ധനായ ഡോ. ചാൾസ് എച്ച്. മയോ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. വിചാരപ്പെടൽ രക്തപ്രവാഹത്തെയും ഹൃദയത്തേയും ഗ്രന്ഥികളെയും നാഡീവ്യൂഹത്തെയും ബാധിക്കും. കഠിനാധ്വാനത്താൽ ആരെങ്കിലും മരിച്ചതായി ഞാൻ കേട്ടിട്ടില്ല. എന്നാൽ ആകുലത നിമിത്തം പലരും മരിച്ചിട്ടുണ്ട്. പൗലൊസ് എഴുതി, "ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെനിന്നും യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല" (1 തിമൊ. 6:7).

മരണാനന്തരജീവിതം ആസ്വദിക്കുവാൻ ചില മിസ്രയീം ഫറവോമാർ മരിച്ചപ്പോൾ അവരുടെ സ്വത്തും അവരുടെ പിരമിഡുകളിൽ വെച്ചിരുന്നു. അവരുടെ സ്വത്തുകൾ ആസ്വദിച്ചത് കവർച്ചക്കാരും അടുത്ത തലമുറയിലെ ഭൂഗർഭ ഗവേഷകരുമായിരുന്നു.

**"ന്യായവിധിനാളിൽ സ്വർഗ്ഗത്തിൽ മതിയായ നിക്ഷേപം ഇല്ല. നിങ്ങളുടെ നിക്ഷേപം മുഴുവൻ ഭൂമിയിലാണ് എന്ന് കേൾക്കുന്നത് എത്ര വേദനാജനകമായിരിക്കും."**

ക്രിസ്ത്യാനികളായി നമുക്ക് ബന്ധമുള്ളത് ക്രിസ്തുവിനോടാണ്. നമുക്ക് സമ്പത്തിനേയും ക്രിസ്തുവിനേയും ഒരേ സമയത്ത് സേവിപ്പാൻ കഴിയുകയില്ല. ഒരിക്കൽ ഒരാൾ തന്റെ ഭൗതികമായ സമ്പത്തിന് അടിമപ്പെട്ടുപോയാൽ, വാസ്തവമായി അയാൾക്ക് വചനപ്രകാരം ഒരു ആത്മീയ ജീവിതം നയിക്കുവാൻ സാധിക്കുകയില്ല. ഭൗതികമായ ചിന്തകൾ നിറഞ്ഞ ഹൃദയത്തിൽ ക്രിസ്തു വസിക്കുകയില്ല. അതുകൊണ്ട് ഒരു തെരഞ്ഞെടുപ്പ് അനിവാര്യമാണ്. രണ്ട് യജമാനന്മാരിൽ ആരെ സേവിക്കും? ദൈവത്തെയോ, മാമോനെയോ? സ്വർഗ്ഗത്തിലോ ഭൂമിയിലോ എവിടെയാണ് നിക്ഷേപം?

വചനപ്രകാരം ജീവിക്കുവാനും ദൈവത്തിനുവേണ്ടി പ്രവർത്തിക്കുവാനും സമയമില്ലാതെ ഭൂമിയിൽ സമ്പാദിച്ചുകൂട്ടുവാൻ ആർത്തി മൂത്ത് അധ്വാനിക്കുന്നവരേ, ദൈവത്തെ ഭയമില്ലാതെ ദൈവവേലയ്ക്കുള്ള പണം കവർച്ച ചെയ്ത് കൊട്ടാരങ്ങളിൽ വസിച്ച് അധികാര സ്ഥാനങ്ങളിൽ വിലസി വസ്തുവകകൾ വാരിക്കൂട്ടി പ്രഭുക്കന്മാരായി വാഴുന്നവരേ... ഇന്നല്ലെങ്കിൽ നാളെ നിങ്ങളുടെ ശ്വാസം നിലയ്ക്കും എന്നറിഞ്ഞിരിക്കണം. മൂക്കിൽ പഞ്ഞിവച്ചു കഴിഞ്ഞ് ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള സാവകാശം ലഭിക്കുകയില്ലല്ലോ. മരണാനന്തരനിദ്ര വിട്ടുണർന്നാൽ പിന്നെ ന്യായവിധിയാണ്. ന്യായവിധി നാളിൽ നിന്റെ സമ്പാദ്യം എവിടെ എന്ന ചോദ്യത്തിന് എന്തു മറുപടി പറയും എന്നതിനെക്കുറിച്ചും, നിക്ഷേപം നാനാവിധമാക്കി നശിപ്പിച്ചവർക്കുള്ള ന്യായമായ ശിക്ഷ എന്തായിരിക്കും എന്നതിനെക്കുറിച്ചും ചിന്തിയ്ക്കാനുള്ള സമയം ഇതാണ്.

ലഭ്യമായ ഭൗതികസമ്പത്തുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാനും, മറ്റുള്ളവരോട് സുവിശേഷം അറിയിക്കുവാനും, ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുവാനും, പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ച് ജീവിക്കാനും സാധിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിൽ നിക്ഷേപം ഇല്ലായെന്ന് ഉറപ്പിക്കാം. നിക്ഷേപം ഇല്ലാത്തിടത്ത് ജീവിതം അസാധ്യം. ❏

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക




# വേദാഭിമാനിയുടെ മറുപടി

*നന്മ എന്നു പറയുന്നത് ദൈവത്തിനു മാത്രം അവകാശപ്പെട്ട സ്വഭാവ വിശേഷതയാണെന്ന് പാരമ്പര്യസഭകൾ പറയുന്നു. നന്മ എന്നത് ഭൗതീക അനുഗ്രഹങ്ങളാണെന്ന് ന്യൂ ജനറേഷൻ സഭകൾ പഠിപ്പിക്കുന്നു. എന്നാൽ അരിസ്റ്റോട്ടിലിൽ നിന്ന് കടം കൊണ്ടതാണ് നന്മയെന്ന വാക്കെന്ന് പലർക്കും അറിയില്ല. പക്ഷെ ഇതിന്റെ ഒരു വിശദീകരണത്തിനായി പലരെയും സമീപിച്ചെങ്കിലും അവരെല്ലാം ഒഴിഞ്ഞുമാറുന്നു. ഇതു സംബന്ധിച്ച് വ്യക്തവും ചരിത്രപരവുമായ ഒരു വിശദീകരണം നൽകാൻ സാധിക്കുമോ.*

*-പാസ്റ്റർ ഫിന്നി ഏബ്രഹാം, പുതുശ്ശേരി, വയല, അടൂർ, പത്തനംതിട്ട*

എത്തിക്സ് എന്ന കൃതിയിൽ അരിസ്റ്റോട്ടിൽ രാഷ്ട്രീയത്തെ സദാചാരസങ്കല്പങ്ങളുമായി ബന്ധിക്കുന്നു. ഭരണകൂടം പൗരനു വേണ്ടിയാണ്. അല്ലാതെ പൗരൻ ഭരണകൂടത്തിനു വേണ്ടിയല്ല എന്നതാണ് അരിസ്റ്റോട്ടിൽ നിർദ്ദേശിക്കുന്ന പ്രാഥമികമായ രാഷ്ട്രീയ സദാചാരപ്രമാണം. മനുഷ്യൻ ഈ ഭൂമുഖത്തു ജനിച്ചുവീഴുന്നത് സന്തുഷ്ടരായി ജീവിക്കുക എന്ന ലക്ഷ്യവുമായിട്ടാണ്. അവന്റെ ഈ ലക്ഷ്യത്തിനു തടസം സൃഷ്ടിക്കാൻ ആർക്കും അവകാശമില്ല. സന്തോഷവാനായിരിക്കുക എന്നാൽ എന്താണർത്ഥമെന്ന് നിർവ്വചിക്കാൻ അരിസ്റ്റോട്ടിൽ ശ്രമിക്കുന്നുണ്ട്. നല്ല പ്രവൃത്തികൾ ശീലമാക്കുന്നതിലൂടെ കൈവരിക്കാൻ കഴിയുന്ന മനസ്സിന്റെ തൃപ്തിയാണ് സന്തോഷത്തിന്റെ ഹേതു. കുലീനമായ ജനനം, ആകർഷണീയമായ ആകാരസുഭഗത, നല്ല സുഹൃത്തുക്കൾ, ആരോഗ്യം, ദീർഘായുസ്സ് ഇവയെല്ലാം സന്തോഷത്തിന് അടിസ്ഥാനകാരണങ്ങളാണ്.




എങ്കിൽത്തന്നെ ഹ്രസ്വമായ ജീവിതകാലയളവിലും ദൗർഭാഗ്യങ്ങളുടെ മദ്ധ്യത്തിലും സന്തുഷ്ടനായിരിക്കുവാൻ ശീലിക്കുന്നവനാണ് മാന്യനായ പൗരൻ. മഹത്വം കൊണ്ടു തേജസ്കരിക്കപ്പെട്ട വ്യക്തിക്ക് വേദനകളോടും കഷ്ടപ്പാടുകളോടും നിസംഗത്വം പാലിക്കാൻ കഴിയും. ഭോഗത്തിൽ നിന്നും മാത്രമല്ല ത്യാഗത്തിൽ നിന്നും സന്തുഷ്ടി കൈവരിക്കാൻ കഴിയും എന്ന് സാരം. സൽപ്രവൃത്തികളാണ് തനിക്കും മറ്റുള്ളവർക്കും സന്തോഷം പകരുന്നത്. നന്മ സന്തോഷത്തിന്റെ ഹേതുവാണെങ്കിൽ നന്മ എന്താണെന്ന ചോദ്യം ഉദിക്കുന്നു. പൗരാണിക മനുഷ്യർക്കു മുന്നിൽ ഇങ്ങനെയൊരു ചോദ്യം ഉദിച്ചിരുന്നതേയില്ല. അവർക്കു ധാർമ്മികത തന്നെയായിരുന്നു നന്മ. മഹത്വം ആർജ്ജിക്കുക എന്നത് ധാർമ്മികതയായി അവർ കണക്കാക്കിയിരുന്നു. യുദ്ധത്തിൽ വിജയം വരിക്കുന്നതും പ്രേമബന്ധങ്ങളിൽ സാഫല്യം നേടുന്നതുമൊക്കെ ധാർമ്മികതയായിതന്നെ പൗരാണികർ കണക്കാക്കിയിരുന്നു. ഇന്ന് നന്മയ്ക്ക് വ്യത്യസ്തമായ അർത്ഥങ്ങൾ സ്വായത്തമായി കഴിഞ്ഞു. മനുഷ്യത്വം എന്നർത്ഥം വരുന്ന Arete Virdus വാക്കിന്റെ ലാറ്റിൻ വിവർത്തനമായ Virtue എന്ന വാക്കിനെയാണ് മലയാളത്തിൽ നന്മ എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. അരിസ്റ്റോട്ടിലിന്റെ സങ്കല്പത്തിലെ നന്മ നിറഞ്ഞ മനുഷ്യന് നാലുഗുണങ്ങളാണ് വേണ്ടത്. 1. കായിക ശക്തി 2. സാങ്കേതിക പരിശീലനം 3. മാനസികവിശുദ്ധി 4. ധാർമ്മിക മഹത്വം. ഈ നാലു ഗുണങ്ങളും ഒത്തിണങ്ങിയവരാണ് ജീവിതരണാങ്കണത്തിലെ സന്തുഷ്ടരായ സേനാനികളെന്ന് അരിസ്റ്റോട്ടിൽ സമർത്ഥിക്കുന്നു. അരിസ്റ്റോട്ടിൽ പറയുന്ന നന്മയ്ക്ക് വേദപുസ്തകം വെളിപ്പെടുത്തുന്ന നന്മയുമായി യാതൊരു ബന്ധവുമില്ല.

*ചെകുത്താൻ എഴുതിയ പുസ്തകവും, സാത്താന്റെ ബൈബിളും ഒന്നാണോ? ഇതിനോടനുബന്ധിച്ച് പറയപ്പെടുന്ന വസ്തുതകൾ വിശ്വാസയോഗ്യമോ? ഇന്റർനെറ്റിലും മറ്റും കാണുന്ന കാര്യങ്ങളല്ല, അന്വേഷണാത്മക സത്യം. അതാണറിയേണ്ടത്.*

*-ടി. എസ്. സദാനന്ദൻ, കടയ്ക്കാട്, ചെറുവത്തൂർ, കാസർകോഡ്.*

## ഗ്രാൻഡ്ഗ്രിമോയർ



സാക്ഷാൽ ചെകുത്താൻ എഴുതിയ പുസ്തകം! അതെ, അത്തരമൊരു ഗ്രന്ഥം ഭൂമിയിലുണ്ടെന്ന് പറയപ്പെടുന്നു.

ഇത് സത്യമല്ലെന്നും ആണെന്നും വാദിക്കപ്പെടുമ്പോൾ റോമൻ കാത്തലിക് ചർച്ച് ഇത് തങ്ങളുടെ പക്കൽ ഉണ്ടെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

'ഗ്രാൻഡ് ഗ്രിമോയർ' എന്നും 'റെഡ് ഡ്രാഗൺ' എന്നുമൊക്കെ വിളിക്കപ്പെടുന്നു ആ ചെകുത്താൻ ഗ്രന്ഥം.

1750-ൽ ജറുസലേമിലെ സോളമന്റെ ശവകുടീരത്തിൽ നിന്നാണത് ലഭിച്ചതെന്ന് കരുതപ്പെടുന്നു. ബൈബിളിലെ ഹീബ്രു ഭാഷയിലോ അർമായിക് ഭാഷയിലോ ആണ് ഗ്രന്ഥം.

ഗ്രാൻഡ് ഗ്രിമോയർ ഒരു പകർപ്പ് മാത്രമാണെന്ന് കരുതുന്നവരുണ്ട്. എ. ഡി. 1200 കളിലെങ്ങോ ആണ് ഇതിന്റെ യഥാർഥ കൈയെഴുത്തുപ്രതി ഉണ്ടായിട്ടുള്ളതത്രേ!

പുരാതന നഗരമായ തീബ്സിലെ ഹൊണോറിയസ് ആണ് ആ കൈയുഴുത്തുപ്രതിയുടെ കർത്താവെന്ന് വിശ്വസിക്കുന്നവരുണ്ട്. ചെകുത്താൻ മനുഷ്യരൂപം പൂണ്ടതാണ് ഹൊളോറിയസ് എന്നും ചെകുത്താൻ ഈ മനുഷ്യനിൽ ആവേശിച്ചതാണെന്നും ഇവർ പറയുന്നു.

ചെകുത്താനെ വിളിച്ചുവരുത്താനും പൈശാചികശക്തി നേടുനുമുള്ള കാര്യങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളതെന്നാണ് വിശ്വാസം.

## കോഡെക്സ്ജിഗാസ്

ലോകത്തിൽ നിലനിൽക്കുന്ന പുരാതനമായ ഏറ്റവും വലിയ കയ്യെഴുത്തുപ്രതിയാണ് കോഡെക്സ് ജിഗാസ് (codex gigas), അഥവാ സാത്താന്റെ ബൈബിൾ. 160 തോളം മൃഗങ്ങളുടെ തൊലികൾ ഉപയോഗിച്ച് നിർമ്മിച്ച ഈ ഗ്രന്ഥത്തിന് ഒമ്പത് ഇഞ്ച് (22 സെന്റീമീറ്റർ) കനവും 36 ഇഞ്ച് (92 സെന്റീമീറ്റർ) നീളവുമാണുള്ളത്.

എന്നാൽ ചരിത്രകാരന്മാരെ അതിശയിപ്പിച്ചത് ഇതിന്റെ വലിപ്പമല്ല. ഇതിന്റെ അകംപേജുകളിലൊന്നിൽ ഭയപ്പെടുത്തുന്ന വിധത്തിൽ ചെകുത്താന്റെ ഒരു വലിയ കളർ ചിത്രം ആലേഖനം ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ പേജുകൾ നിറയെ പാപവചനങ്ങളാണെന്നാണ് ചിലർ വിശ്വസിക്കുന്നത്.

പതിമൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഈ ഗ്രന്ഥം സ്വീഡനിലെ സ്റ്റോക്കഹോമിലുള്ള നാഷണൽ ലൈബ്രറിയിലാണ് ഇപ്പോൾ സൂക്ഷിച്ചിരിക്കുന്നത്. ചെകുത്താന്റെ ബൈബിൾ എന്നാണ് ഇത് വിളിക്കപ്പെടുന്നത്.

74 കിലോഗ്രാം ഭാരമുള്ള ഈ പുസ്തകം പൊക്കിയെടുക്കണമെങ്കിൽ രണ്ട് പേരെങ്കിലും ശ്രമിക്കേണ്ടിവരും. മൃഗത്തോലിൽ തീർത്ത കനമുള്ള പേജുകളാണ് ഇതിനുള്ളത്. എന്നാൽ എങ്ങിനെയാണ് ഇത് നിർമ്മിച്ചതെന്ന് ഇതുവരെ മനസ്സിലാക്കാനായിട്ടില്ല.



കാരണം ഇതിന്റെ ഐതീഹ്യം തന്നെ. ഒറ്റ രാത്രികൊണ്ട് നിർമ്മിച്ചതാണ് ഈ ഗ്രന്ഥമെന്നാണ് ഐതീഹ്യം പറയുന്നത്. ഐതീഹ്യമിങ്ങനെ: മധ്യകാലഘട്ടത്തിൽ ജീവിച്ചിരുന്ന ഒരു സന്യാസിയെ രാജ്യനിയമങ്ങൾ തെറ്റിച്ചതിന് ജീവനോടെ മതിലിനുള്ളിൽ അടക്കം ചെയ്യാൻ വിധിച്ചു.

ശിക്ഷയിൽ നിന്നും രക്ഷപ്പെടുന്നതിനായി ഒറ്റരാത്രികൊണ്ട് മനുഷ്യന്റെ എല്ലാ അറിവുകളും ഉൾപ്പെടുത്തി ഒരു ഗ്രന്ഥം രചിക്കുവാൻ രാജാവ് ആവശ്യപ്പെട്ടു. ഗ്രന്ഥരചനയ്ക്കായി അയാൾ സാത്താന്റെ സഹായം തേടി. പുസ്തകം തയ്യാറാക്കാൻ സഹായിച്ചാൽ തന്റെ ആത്മാവിനെ നൽകാമെന്ന് സന്യാസി ലൂസിഫറിന് (സാത്താൻ) ഉറപ്പ് നൽകി. ഉടമ്പടി അംഗീകരിച്ച ലൂസിഫർ തന്റെ സ്വന്തം ചിത്രം ആലേഖനം ചെയ്തുകൊണ്ട് ആ ജോലി ഏറ്റെടുത്തു. രണ്ട് തൂണുകൾക്ക് നടുവിൽ നിൽക്കുന്ന നിറങ്ങളോട് കൂടിയ വലിയ ചിത്രമായിരുന്നു അത്.

അതേസമയം പാലിയോഗ്രാഫറായ മൈക്കൽ ഗള്ളിക്കിന്റെ കൈയ്യെഴുത്ത് പരിശോധനയിൽ ഈ പുസ്തകം ഒരാൾതന്നെ എഴുതിയതാണെന്ന് സ്ഥിരീകരിക്കുന്നുണ്ടെന്ന് നാഷണൽ ജ്യോഗ്രഫിക് റിപ്പോർട്ട് പറയുന്നുണ്ട്. കയ്യെഴുത്തിനെപോലെ തന്നെ ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 'ഹർമനസ് ഇൻക്ലൂസസ്' എന്ന കയ്യൊപ്പും ഇത് ഒരാൾതന്നെ എഴുതിയതാണെന്ന് വ്യക്തമാക്കുന്നു. പ്രാണികളുടെ കൂടുകൾ ചതച്ചെടുത്താണ് എഴുതാനുപയോഗിച്ച മഷിയുണ്ടാക്കിയത്. വിവിധ മഷികളുപയോഗിച്ച് ഒരു ലേഖകൻ തന്നെ ഇത് എഴുതുക എന്നത് അസാധ്യമാണെന്ന് ഗള്ളിക് പറയുന്നു.

അതേസമയം ഇത് പുനർ നിർമ്മിക്കണമെങ്കിൽ അഞ്ച് വർഷമെങ്കിലും തുടർച്ചയായി എഴുതേണ്ടി വരുമെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. തീർച്ചയായും ഈ ബൃഹത്ഗ്രന്ഥത്തിന്റെ കർത്താവ് എന്തെങ്കിലും ശക്തി ആർജ്ജിച്ചിട്ടുണ്ടാവുമെന്നും ഈ റിപ്പോർട്ടുകൾ പറയുന്നു.

അഞ്ച് വചനങ്ങളാണ് ഈ കോഡെക്സ് ജിഗാസിൽ മൊത്തമായി ആലേഖനം ചെയ്തിട്ടുള്ളത്. വേദപുസ്തകത്തിലെ പഴയനിയമത്തിൽ തുടങ്ങുന്ന ഈ ഗ്രന്ഥത്തിൽ ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്ലാവിയസ് ജോസഫസിന്റെ കൃതികളും ഉൾപ്പെടുന്നുണ്ട്. അവസാന ഭാഗങ്ങളിൽ കോസ്മസിന്റെ ക്രോണിക്കിൾസ് ഓഫ് ബോഹീമിയ ഉൾപ്പെടുത്തിയിരിക്കുന്നു.

അതേസമയം ഗ്രന്ഥത്തെക്കുറിച്ച് പ്രചരിക്കുന്ന ഐതീഹ്യം വെറും തെറ്റിദ്ധാരണയാണെന്ന് ഗവേഷകർ പറയുന്നു. 'ഹെർമനസ് ഇൻക്ലൂസസ്' എന്ന കയ്യൊപ്പിൽ ഇൻക്ലൂസസ് എന്ന പദം ക്രൂരശിക്ഷയായി തെറ്റിദ്ധരിക്കുകയായിരുന്നുവെന്ന് ഇവർ പറയുന്നു. തപസ്വി എന്ന വാക്കിന് സമാനമായ അർത്ഥമാണ് ഈ പദത്തിനുള്ളത്.

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com

# VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2015-2017
Post without prepayment
License No : KL/CR/MVK/WPP-04/2015-2017
Posted on 15, 16 Mayl 2017
at RMS Kayamkulam
Published on Ist May 2017
RNI Registered No. KERMAL/2002/7361

## ക്രിസ്ത്യൻ ഹെറിറ്റേജ്

**വൈക്കം മുഹമ്മദ് ബഷീർ**

ഒരു ദിവസം ഞാൻ നോക്കുമ്പോഴുണ്ട് ഇടവഴിക്കരികിലെ ഗേറ്റിനു മുകളിൽ ഒരു തല.

'ആരാദ്?' ഞാൻ സന്ദേഹത്തോടെ ചോദിച്ചു.

'ഒന്നു കാണാൻ വന്നതാണ്.' തല പറഞ്ഞു.

'കയറി വരൂ.'



ആ തലയും പിന്നാലെ കറുത്തു കുറുകിയ ഒരു ശരീരവും മടിച്ചുമടിച്ചു കയറിവന്നു.

നല്ല കരിവീട്ടിയുടെ നിറം. ഉറച്ച മാംസപേശികൾ. അധ്വാനം കൊണ്ടു തഴമ്പുവീണ കൈകൾ. അലക്കി വെളുപ്പിച്ച ഒരു ജെ. കെ. തുണികൊണ്ടു തയ്ച്ച മുറിക്കൈയ്യൻ ഷർട്ടും മുണ്ടും ചുട്ടിത്തോർത്തും. കാലിൽ ചെരിപ്പില്ല. ഒരു മാസമായി ഷേവ് ചെയ്യാത്ത മുഖം.

'ഇരിക്കൂ' എന്നു പറഞ്ഞിട്ട് ഞാൻ ഒരു കസേര ചൂണ്ടിക്കാണിച്ചു.

ആഗതൻ ഇരുന്നില്ല. സങ്കോചത്തോടെ നിന്നു. വീണ്ടും നിർബന്ധിച്ചപ്പോൾ മടിയോടെ ഇരുന്നു.

ആരാണിയാൾ? എന്റെ ആരാധകനോ അതോ വല്ല സാമ്പത്തിക സഹായം അഭ്യർത്ഥിച്ച് എത്തിയതോ?

'ഹെന്താ വന്നത്?' ഞാൻ ചോദിച്ചു.

'ഞാൻ കുറെ വായിച്ചിരിക്കണു. ഒന്നു നേരിൽ കാണണമെന്നു തോന്നി'

ചങ്ങനാശേരിക്കാരൻ ഒരു നസ്രാണിയാണ്. പേരു കൊച്ചുതൊമ്മി. എട്ടൊമ്പതു കൊല്ലമായി മലബാറിൽ വന്ന് കുടിയേറിപ്പാർത്തിട്ട്. നല്ല അധ്വാനശീലൻ. കുരുമുളകും കാപ്പിയും വച്ചു പിടിപ്പിച്ചിട്ടുണ്ട്. ഭാര്യ മരിച്ചു. ഒമ്പതുമക്കൾ. നാലാണും അഞ്ചു പെണ്ണും. പെൺമക്കളെയൊക്കെ കെട്ടിച്ചയച്ചു. ആൺമക്കളൊക്കെ കെട്ടി വേറെ പാർത്തു.

കഴിഞ്ഞ ഒരു മാസമായി ആശുപത്രിയിലായിരുന്നു. ഇന്ന് ഡിസ്ചാർജ്ജായി. നേരെ എന്നെ കാണാൻ വന്നിരിക്കയാണ്.

എനിക്കഭിമാനം തോന്നി. ഒരു മുസൽമാനെ കാണാൻ ഒരു ക്രിസ്ത്യാനി നേരിട്ടുവന്നിരിക്കുന്നു.

ഞാൻ ഹാബിയെ വിളിച്ചു ചായയ്ക്കു പറഞ്ഞു.

ചങ്ങനാശേരിയും തലയോലപ്പറമ്പും അത്ര അകലത്തിലല്ല. ക്രിസ്ത്യാനിയും മുസൽമാനും അത്ര അകന്നു നിൽക്കുന്നവരുമല്ല.

ഞങ്ങൾ ധാരാളം കഥകൾ പറഞ്ഞു. ചങ്ങനാശേരിയിലേയും തലയോലപ്പറമ്പിലേയും വൈക്കത്തേയും കഥകൾ. ഏറെ ചിരിച്ചു.

ഇടയ്ക്കു ചായ വന്നു.അതു കുടിച്ചു. വീണ്ടും സംഭാഷണം. റബറിന്റെയും കുരുമുളകിന്റെയും കാപ്പിയുടെയും വിലയെപ്പറ്റി പറഞ്ഞു. സമയം പോയതറിഞ്ഞില്ല. നേരം സന്ധ്യയാവുന്നു. മൂപ്പർ പോവാനുള്ള മട്ടു കണ്ടില്ല.

പൂമുഖത്തെ വിളക്കു തെളിഞ്ഞു. അത്താഴം കഴിഞ്ഞും വർത്തമാനം.

"നേരം ഏറെ ഇരുട്ടി. ഇന്നിനി പോകണ്ട. ഇവിടെ തങ്ങാം.' ഞാൻ പറഞ്ഞു.

കൊച്ചുതൊമ്മിക്കു സമ്മതം.

ഹാബി വായനമുറിയിൽ പായ് വിരിച്ചു.

തലയിണയായി ഒരു പുസ്തകം കൊടുത്തു. ശ്രീ. ജോൺ ഓച്ചൻതുരുത്ത് എഴുതിയ 'ക്രിസ്ത്യൻ ഹെറിറ്റേജ് ഇൻ ഇന്ത്യ.'

കുറച്ചു കഴിഞ്ഞപ്പോൾ നല്ല കൂർക്കം വലി കേട്ടു. പിറ്റേ ദിവസം കാപ്പിയും കഴിഞ്ഞു കൊച്ചുതൊമ്മി യാത്രയായി.

പോകാൻ നേരത്ത് പത്തുരൂപ വഴിച്ചെലവിനു കൊടുത്തു. കൊച്ചുതൊമ്മി വേണ്ട എന്നു പറഞ്ഞില്ല.

ഹെടാ... ഇതു കൊള്ളാമല്ലോ. രണ്ടാഴ്ച കഴിഞ്ഞ് മകളുടെ ഭർത്താവിന്റെ ഒരു ബന്ധു വന്നുകിടന്നു.

അയാൾക്കും കൊടുക്കണം തലയിണയായി ക്രിസ്ത്യൻ ഹെറിറ്റേജ്. ഹാബി പുസ്തകമെടുത്തു നിവർത്തിയപ്പോൾ അതിൽനിന്നും എന്തോ താഴെ വീണു.

എടുത്തുനോക്കിയപ്പോൾ നൂറിന്റെ രണ്ട് പുത്തൻ നോട്ടുകൾ.

## ന്യൂജനറേഷൻ

നല്ലതെന്നോ ചീത്തയെന്നോ ഭാഗ്യമെന്നോ നിർഭാഗ്യമെന്നോ ഉള്ള ക്ലാസിഫിക്കേഷന് ഈ ന്യൂജനറേഷൻ ലോകത്ത് ഒരർത്ഥവുമില്ല. ഇവിടെയെല്ലാം ആപേക്ഷികമാണ്. ആത്മീയതയും, ആരാധനയും സിനിമാറ്റിക് ഡാൻസും കോമഡിയും സിനിമയും എല്ലാം ഒരേ കണ്ണുകൊണ്ട് വീക്ഷിക്കുന്ന യുവത്വത്തിന്റെ കാലമാണിത്. ആഹാരത്തോടും ആസക്തികളോടും ആർത്തി പ്രഖ്യാപിച്ച യുവത്വം. കണക്കുപറഞ്ഞ് വധുവിനെ തേടുന്ന, ജീവിതത്തിനു വിലയിടുന്ന യുവത്വം. സൗഭാഗ്യങ്ങൾക്കായി ദൈവത്തോട് യാചിക്കുന്ന യുവത്വം. ലൈംഗീക ചേഷ്ടകളും തരംതാണ കോമഡികളും കണ്ടും കേട്ടും കൈയ്യടിച്ചു ചിരിക്കുന്ന തലകുനിഞ്ഞ യുവത്വം. ദൈവവും ആത്മീയതയും വിശുദ്ധിയും വേർപാടും അവരുടെ ലോകത്ത് അപ്രസക്തമായി കഴിഞ്ഞു. പലപ്പോഴും ഇവർ പറയുന്ന വചനം ഓർമ്മവരുന്നു.... "പുവർ ഗൈസ്!"

## ഇതൊരു കഥ

ഭാര്യ സുഖമായി ഉറങ്ങുന്നു. നേതാവിനു മാത്രം ഉറക്കമില്ല. എല്ലാകാര്യങ്ങളും എന്നും തുറന്നു പറയുന്നതുകൊണ്ടാണ് ഭാര്യയ്ക്ക് സുഖമായി ഉറങ്ങാൻ കഴിയുന്നതെന്ന് മനസിലാക്കിയ നേതാവ് എല്ലാം ഭാര്യയോട് തുറന്നുപറഞ്ഞു. അന്ന് നേതാവ് സുഖമായി ഉറങ്ങി. അതോടെ ഭാര്യയുടെ ഉറക്കം പോയി.

## അത്ഭുതം അനുഗ്രഹം


പണ്ട്, ഒരു ചാക്യാർ സദസ്യരെ കൂട്ടാൻ ഒരു മനോധർമ്മം പ്രയോഗിച്ചു. കൂത്ത് തുടങ്ങിയപ്പോഴെ അദ്ദേഹം അയ്യോ എന്ന കരച്ചിൽ തുടങ്ങി. കരച്ചിൽ കേട്ട് ഏറെപ്പേർ കൂത്തമ്പലത്തിലെത്തി എന്നുറപ്പായപ്പോൾ അദ്ദേഹം പറഞ്ഞു. "ഇങ്ങനെ കരഞ്ഞുകൊണ്ട് ശൂർപ്പണഖ ലക്ഷ്മണന്റെ സമീപത്തുനിന്ന് ഓടിപ്പോയി." അയ്യോ വിളികേട്ട് ഓടിക്കൂടിയവരെപ്പോലെയല്ലേ അത്ഭുതത്തിനും അനുഗ്രഹത്തിനും പിന്നാലെ പായുന്നവർ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

## ദൈവം ഒന്നുതന്നെ

ഒരു നമ്പൂതിരി രാവിലെ പല ദൈവങ്ങളെ ഭജിക്കുന്നതുകണ്ടപ്പോൾ ഒരാൾ ചോദിച്ചു. പല കുഴി കുഴിച്ചാൽ വെള്ളം കിട്ടുമോ. ആ സമയം കൊണ്ട് ഒരു കുഴി കുഴിയ്ക്കാമായിരുന്നല്ലോ. നമ്പൂതിരിയുടെ മറുപടി: "എല്ലാ കുഴികളിലുമുള്ള വെള്ളം ഒന്നുതന്നെ എന്നറിഞ്ഞാൽ മതി. മറ്റെയാൾ തിരിച്ചടിച്ചു." കുഴികൾ കുഴിയ്ക്കുമ്പോൾ ആ ബോധമുണ്ടായാൽ മതി.

## വിഡ്ഢികൂശ്മാണ്ഡം

വിഡ്ഢികൂശ്മാണ്ഡം എന്ന് ദേഷ്യപ്പെട്ട് പറഞ്ഞ ഒരു വൈദ്യന്റെ വാക്ക് വേദവാക്യമായി കരുതി മന്ത്രം പോലെ ഉരുക്കഴിച്ചു പഠിച്ച് വൈദ്യനായി വിളങ്ങിയ ഒരാളെക്കുറിച്ചുള്ള കഥ പ്രസിദ്ധമാണ്. വൈദ്യം പഠിക്കണമെന്ന അതിയായ ആഗ്രഹത്തോടെ കുമ്പളങ്ങ (കൂശ്മാണ്ഡം)കാഴ്ച വയ്ക്കാൻ ചെന്ന ആളോട് വൈദ്യം പഠിക്കാൻ എന്തിനാണ് കൂശ്മാണ്ഡം എന്നേ വൈദ്യൻ ചോദിച്ചുള്ളു. എന്നാൽ കൂശ്മാണ്ഡം എന്ന വാക്ക് കേട്ട് മന്ത്രമാണെന്ന് ധരിച്ച് വന്നയാൾ സന്തോഷപൂർവ്വം മടങ്ങിപോകുകയായിരുന്നു. ഇത്തരത്തിലുള്ള വിജ്ഞാനികളാണ് ആത്മീയ ലോകം അടക്കി വാഴുന്നത് എന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്.



## ഡയെ്‌ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ പൂമുഖ വാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാകുന്നു ഭാര്യ എന്ന ലോക കാഴ്ചപ്പാട് ശരിയാണോ.

ജോളി ശാമുവേൽ, ആലുവിള, കുന്നത്തുകൽ, തിരുവനന്തപുരം.

**☹ പീഡനം വർദ്ധിച്ചിരിക്കുന്ന കാലത്ത് വീടിനകത്തിരുന്ന് സ്നേഹം വിടർത്തുന്നതായിരിക്കും നല്ലത്. വെറുതെ എന്തിനാ വാതിൽക്കൽ നിന്ന് നാട്ടുകാരെ പ്രലോഭിപ്പിക്കുന്നത്.**

☺ അത്ഭുത ദാസന്മാർ ശരിയായി വചനം പ്രസംഗിക്കുന്നില്ല, എന്നിരിക്കലും അവരിൽകൂടി അനേകർ യേശുവിനെ അറിയുന്നില്ലേ.

ശേബ കുര്യൻ, തലക്കോട്, കോതമംഗലം, എറണാകുളം

**☹ മണ്ഡരി ബാധിച്ച പൊതിയാതേങ്ങായാണ്. എന്നാലും ഒരു ചമ്മന്തിയ്ക്കുണ്ടെന്നു പറയുന്നതുപോലെ.**

☺ ആധുനിക ലോകത്തിൽ താങ്കൾ അനുഭവിച്ചറിഞ്ഞ സത്യം.

പ്രസാദ് വെള്ളൂക്കാരൻ, മങ്കോട്, കലഞ്ഞൂർ, കൊല്ലം

**☹ സത്യം കേൾക്കാൻ ആർക്കും താൽപര്യമില്ല.**

☺ ഒരു പ്രവാചകൻ പറഞ്ഞതനുസരിച്ച് പഴയവീട് പൊളിച്ച് ലോണെടുത്ത് പുതിയ വീടു പണിതു. വെറൊരു പ്രവാചകൻ പറയുന്നു. തറയ്ക്കടിയിൽ കൂടോത്രം ഉള്ളതുകൊണ്ട് തറ പൊളിയ്ക്കാൻ, ഇങ്ങനെ പോയാൽ ഞാൻ എങ്ങനെ ജീവിക്കും.

സണ്ണി ഫിലിപ്പ്, മഠത്തിക്കോണം, കാട്ടക്കട, തിരുവനന്തപുരം

**☹ നിങ്ങളെപ്പോലുള്ള മണ്ടന്മാരെ പൊളിച്ചും പണിതും പണിയെടുക്കാതെ പ്രവാചകന്മാർക്കും ജീവിയ്ക്കേണ്ടേ.**

☺ പത്രമെടുത്താൽ പീഡനം മാത്രം. ഈ പീഡന പരമ്പരയെ എങ്ങനെ നോക്കികാണുന്നു.

ജോമി വിജയൻ, ഓമല്ലൂർ, പുത്തൻപീടിക, പത്തനംതിട്ട

**☹ ഇവിടെ പീഡനത്തെ ദേശീയ വിനോദമായി അംഗീകരിച്ചെന്നുതോന്നുന്നു.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew